

മണ്ണടിഞ്ഞ മംഗല്യം

3198

വിവർത്തകൻ: ഇ. കെ. ദിവാകരൻ പോറ്റി

പ്രേംചന്ദ്

MUNAVIRVH ISLAM HIGH SCHOOL
Date.....
M.C. ERNAKULAM.

മണ്ണടിഞ്ഞ മംഗല്യം

MANNATINJA MANGALYAM

PREMCHAND

Translated by

E. K. DIVAKARAN POTTI

First Impression March 1956

RIGHTS RESERVED

PUBLISHED BY E. K. DIVAKARAN POTTI

DISTRIBUTORS

NATIONAL BOOKSTALL

POST BOX 40 — KOTTAYAM

0—8—0

മണ്ണടിഞ്ഞ മംഗല്യം

പ്രേമ് ചന്ദ്

3198

പരിഭാഷകൻ

ഈ. കെ. ദിവാകരൻ പോറ്റി

നാഷനൽ ബുക്ക് സ്റ്റാൾ
കരിക്കൽ ബസാർ കോട്ടയം

വില 8 ണ.

ദിവാകരൻപോറ്റിയുടെ കൃതികൾ

പ്രഥമാഞ്ജലി
വിജയരംഗം
ബലിപീഠത്തിൽ
കുഴമരം
നാളത്തെ പ്രഭാതം
പ്രേമപഞ്ചമി
വഞ്ചന
അന്നയും കാറലും
പ്രേമവേദി
ഭ്രാന്തൻ
ഗോദാനം
വോൾഗമുതൽ ഗംഗവരെ
വരദാനം
സേവാസദനം
പാർട്ടികോമ്രേഡ്
കൊലമരത്തിൽനിന്നുള്ള കുറിപ്പുകൾ
അശ്രയ
മണ്ണടിഞ്ഞ മംഗല്യം

Printed at the P. C. Press, Kottayam. Copies 1000.

1

മദ്ധ്യപ്രദേശത്തെ ഒരു പർവ്വതഗ്രാമത്തിൽ ഒരു ചെറിയ വീടിന്റെ മാളികപ്പുറത്ത് ഒരു യുവാവ് സന്ധ്യയുടെ നിസ്സബ്ധതയിൽ മുങ്ങിമയങ്ങിയതുപോലെയിരിക്കുകയാണ്. മുൻവശത്തു വെണ്മതിയുടെ മങ്ങിയ വെളിച്ചത്തിൽ നനഞ്ഞ പർവ്വതമാലകൾ അനന്തതയുടെ കിനാവുപോലെ ഗംഭീരവും രഹസ്യഗർഭവും ഗാനാത്മകവും മനോമോഹനവുമായിത്തോന്നിയിരുന്നു. ആ കൊച്ചുമലകളുടെ അടിവാരത്തുകൂടെ ജലധാരയുടെ ഒരു വെള്ളിരേഖ കിടന്നിരുന്നു. ആ പർവ്വതത്തിലെ സമസ്തസംഗീതവും സകല ഗാംഭീര്യവും സമ്പൂർണ്ണ രഹസ്യങ്ങളും സമുജ്വലമായ ജലപ്രവാഹത്തിൽ വിലീനമായിരുന്നതുപോലെ തോന്നി. യുവാവിന്റെ വേഷവിധാനങ്ങൾ കണ്ടാൽ അയാൾ വലിയൊരു സമ്പന്നനല്ലെന്നു തെളിയുന്നുണ്ട്. അതെ, അയാളുടെ മുഖത്തു തേജസ്സും ബുദ്ധിശക്തിയും പ്രകട

മാകുന്നുണ്ട്. മുക്കത്തു കണ്ണടയില്ല, മുഖംവടിച്ചു മിനുക്കിയിട്ടില്ല, തലമുടി ചീകിയിട്ടില്ല, കൈത്തണ്ടയിൽ കെട്ടുവാച്ചില്ല, കോട്ടിന്റെ കീശയിൽ ഫൗണ്ടൻ പേനപോലുമില്ല. ഒന്നുകിൽ ഒരാദർശവാദി, അല്ലെങ്കിൽ ആഡംബരത്തിന്റെ ശത്രു.

യുവാവു് ചിന്താമൂകനായി ആ പർവ്വതപംക്തിയുടെ നേരേ നോക്കിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു് ഒരിടികൂടുക്കത്തെക്കാൾ ഭയങ്കരമായ ശബ്ദംകേട്ടു. പുഴയുടെ മധുരഗാനം ആ ഭയങ്കരശബ്ദത്തിൽ നിമഗ്നമായി. ആ ഭയങ്കരനാദം പർവ്വതങ്ങളെപ്പോലും പിടിച്ചു കുലുക്കിയതുപോലെ തോന്നി. പർവ്വതങ്ങളിൽ ഒരു സമരം പൊട്ടിപ്പുറപ്പെട്ടതുപോലെ തോന്നി. പുഴയുടെ മുകളിൽ പാലത്തിലൂടെ തീവണ്ടി ഓടുന്നതായിരുന്നു അതു്.

ഒരു യുവതി മുറിക്കകത്തുനിന്നു മാളികപ്പുറത്തേയ്ക്കു വന്നു പറഞ്ഞു, "ഇന്നു് ഇപ്പോൾതന്നെ വണ്ടി വന്നിരിക്കുന്നു! ഇതിനു് ഇന്നുതന്നെ വൈരംപോക്കാനുള്ളതുമാതിരി"

യുവാവു യുവതിയുടെ കൈപിടിച്ചു പറഞ്ഞു, "പ്രിയേ, എനിക്കങ്ങോട്ടും പോകണമെന്നു തോന്നുന്നില്ല ഞാൻ തീരുമാനിച്ചു. ഞാൻ നിങ്ങൾക്കുവേണ്ടിയങ്ങു സമ്മതിച്ചെന്നേയുള്ളു. എന്നാലിപ്പോൾ പോകാൻ മനസ്സുവരുന്നില്ല. മൂന്നുകൊല്ലം എങ്ങനെ കഴിയും?"

യുവതി കാതരസ്വരത്തിൽ പറഞ്ഞു, "മൂന്നുകൊല്ലത്തെ വിയോഗത്തിനുശേഷം പിന്നെ ജീവിതാ

വസാനംവരെ യാതൊരു പ്രതിബന്ധവും വരില്ല. ഒരിക്കൽ നിശ്ചയിച്ചതു പൂർത്തിയാക്കുകതന്നെ വേണം. അനന്തമായ സുഖത്തെയാശിച്ചു് ഞാൻ സകല കഷ്ടതകളും സഹിച്ചോളാം"

ഇതു പറഞ്ഞുകൊണ്ടു യുവതി കാപ്പി കൊണ്ടുവരുവാനെന്ന ഭാവത്തിൽ വീണ്ടും അകത്തേയ്ക്കുപോയി. കണ്ണുനീരിന്റെയാവേശം അവളുടെ പിടിവിട്ട പുറത്തുചാടി. ഈ രണ്ടുപേരുടെയും വിവാഹജീവിതത്തിന്റെ ആദ്യത്തെ വാർഷികദിവസമാണിന്നു്. യുവാവു് ബോംബെ സർവ്വകലാശാലയിൽനിന്നു് എം.എ ബിരുദം നേടി നാഗപ്പൂരിലെ ഒരു കോളേജിൽ അദ്ധ്യാപകനായിരിക്കയാണു്. നവീനയുഗത്തിലെ വൈവാഹികവും സാമുദായികവുമായ പുതിയ പുതിയ വിപ്ലവങ്ങൾ അയാളെ ലേശംപോലും വ്യതിചലിപ്പിച്ചിരുന്നില്ല. പഴയ സംപ്രദായങ്ങളിൽ ഇങ്ങനെയൊരു മമത ഒരുപരീക്ഷണാത്മകവിപ്ലവങ്ങൾക്കുപോലും കുറവായിരിക്കും. പ്രൊഫസറായതിനുശേഷം മാതാപിതാക്കന്മാർ ഈ ബാലികയെ അയാളെക്കൊണ്ടു വിവാഹം കഴിപ്പിച്ചതാണു്. മാമൂലനുസരിച്ചുതന്നെ ആ ഒളിമ്മോപ്പികളിയിൽ അയാൾക്കു പ്രേമത്തിന്റെയൊരു രത്നമാണു കൈവന്നതു്. കേശവൻ ഒഴിവുദിവസങ്ങളിൽ ഒന്നാമത്തെ വണ്ടിക്കിവിടെ വരികയും ഒടുവിലത്തെ വണ്ടിക്കിവിടെനിന്നു പോവുകയുമാണു ചെയ്തിരുന്നതു്. ഈ രണ്ടുനാലുദിവസങ്ങൾ മധുരസ്വപ്നംപോലെ കഴിഞ്ഞുപോകും. രണ്ടുപേരും കൂട്ടികെട്ടിപ്പിടിച്ചുകരഞ്ഞുകൊണ്ടാണു വിട്ടുപിരിയുക. ആ

ഹൃദയമില്ലാത്ത മലകൾ അയാളെ മറവിലേക്കു മാറ്റുന്നതുവരെ അവൾ ഇതേ മുറിയിൽ ഉറ്റുനോക്കിക്കൊണ്ടിരിക്കും.

എന്നാലിപ്പോൾ ഒരു കൊല്ലം തികയുന്നതിനു മുമ്പുതന്നെ വിരഹം അതിന്റെ ശ്രദ്ധാലോചന തുടങ്ങിക്കഴിഞ്ഞു. കേശവനു വിദേശത്തുപോയി പഠനം പൂർത്തീകരിക്കുവാൻ ഒരു സഹായവേതനം ലഭിച്ചു. സ്നേഹിതന്മാർ അനുമോദിച്ചു. ആവശ്യപ്പെടാതെ തന്നെ സ്വഭാവശുദ്ധീകരണത്തിന് ഇത്തരമവസരം ലഭിക്കുവാനുള്ള ഭാഗ്യം ആർക്കാണുണ്ടാവുക? കേശവൻ അതു സന്തോഷിച്ചില്ല. അയാൾ ഈ വിഷമമറിഞ്ഞയോടുകൂടിയാണു വീട്ടിൽ വന്നതു്. മാതാപിതാക്കളും മറ്റു ബന്ധുക്കളും ഈ യാത്രയെ ശക്തമായി വിരോധിച്ചു. പട്ടണത്തിൽവെച്ചു കിട്ടിയ പ്രോത്സാഹനങ്ങളെക്കാളധികം പ്രതിബന്ധങ്ങൾ ഇവിടെ വന്നപ്പോൾ നേരിട്ടു. എന്നാൽ സുഭദ്രയുടെ ഉന്നതാഭിലാഷങ്ങൾക്കവസാനമുണ്ടായിരുന്നില്ല. അവൾ ഒരുപക്ഷേ കേശവൻ ഇന്ദ്രാസനത്തിലിരിക്കുന്നതുപോലും കാണുവാനാഗ്രഹിച്ചിരുന്നു. അവളുടെ മുമ്പിൽ അപ്പോഴും ഭർത്തൃസേവനമെന്ന അതേയാദർശംതന്നെയായിരുന്നു. അവൾ അപ്പോഴും അയാളുടെ തലയിൽ എണ്ണതേപ്പിക്കുകയും അയാളുടെ മുണ്ടലക്കുകയും അയാളുടെ കാലു തടവുകയും അയാൾക്കു വീശിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ഉപാസകയുടെ മഹത്വാഭിലാഷം ഉപാസ്യനെക്കുറിച്ചു മാത്രമാണു് അവൾ അയാൾക്കു സ്വർണ്ണശ്രീകോവിൽ പണിതുകൊടുക്കും; അയാളുടെ സിംഹാസനം രത്നങ്ങൾകൊണ്ടലങ

ങ്കരിക്കും, അയാളെ സ്വർഗ്ഗത്തിലെ പുഷ്പങ്ങൾ കൊണ്ടുവന്നാർച്ചിക്കും. എന്നാൽ അവൾ ഉപാസകനെയായിരിക്കും. ജടയുടെ സ്ഥാനത്തു കിരീടമോ കൗപീനത്തിന്റെ സ്ഥാനത്തു പീതാംബരമോ വേണമെന്ന മോഹം ഒരിക്കലും അവളെയുപദ്രവിച്ചിട്ടില്ല. കേശവൻ ബിലാത്തിക്കുപോകാൻ സമ്മതിക്കാതെ സുഭദ്ര ശ്വാസം കഴിക്കുകപോലും ചെയ്തില്ല. അച്ഛനമ്മമാർ അവളെ കളങ്കിനിയെന്നും—പിന്നെയങ്ങനെ പലതും പറഞ്ഞു. എന്നാൽ അവസാനം അവരും സമ്മതിച്ചു. ഒരുക്കങ്ങളെല്ലാം തീർന്നു. സ്റ്റേഷൻ സമീപത്തുതന്നെയാണു്. അവിടെ വണ്ടി വളരെനേരം നില്ക്കും. സ്റ്റേഷന്റെ സമീപവാസികളായ ഗ്രാമക്കാർക്കു വണ്ടിയുടെ വരവു ശത്രുവിന്റെയാക്രമണമല്ല, മിത്രത്തിന്റെ ആഗമനമാണു്. വണ്ടി വന്നുകഴിഞ്ഞു. സുഭദ്ര കാപ്പി തയ്യാറാക്കി, ഭർത്താവിന്റെ കൈ കഴുകിക്കുവാൻ വന്നതാണു്. ഈ സമയത്തു കേശവന്റെ പ്രേമകാതരമായ തടസ്സം അവളെ ക്ഷണനേരത്തേയ്ക്കു വിഷമിപ്പിച്ചു. ഹാ! ആക്കഥിയാം, മൂന്നുകൊല്ലത്തിനകത്തു് എന്തെല്ലാം സംഭവിച്ചുകൂടാ? മനസ്സിൽ ഒരാവേശം പൊങ്ങി; "പ്രിയതമാ, അങ്ങു പോകണ്ട" എന്നു പറഞ്ഞാലോ? ഭക്ഷണം കഴിക്കുകയില്ല, തടിച്ചുമുണ്ടാണ്ടുക്കുക. കരഞ്ഞു കരഞ്ഞു ദിവസം കഴിക്കണ്ടേ? കേശവൻ വരുവാൻ ഒന്നോ അരയോ മാസം വൈകിയാൽ അവൾ പരിഭ്രമിക്കും. അയാളുടെ അടുത്തു പറന്നെത്തുവാൻ തോന്നും. പിന്നെയീ നിർദ്ദയമായ മൂന്നു കൊല്ലങ്ങൾ എങ്ങനെയാണു കഴിഞ്ഞു

ക്കുടുക? പക്ഷേ അവൾ വളരെ കർശനമായി ഈ നിരാശാജനകമായ ഭാവങ്ങൾ തട്ടിമാറ്റി കണ്ണുമിടറിക്കൊണ്ടു പറഞ്ഞു, "എനിക്കും തോന്നുന്നതങ്ങനെതന്നെയാണു്. മൂന്നു കൊല്ലത്തെപ്പറ്റിയോർക്കുമ്പോൾ ഒരു യുഗംപോലെ തോന്നുന്നു. എന്നാൽ ബിലാത്തിയിൽ നിങ്ങൾക്കു ലഭിക്കുന്ന മാനവും ബഹുമതിയുമാലോചിക്കുമ്പോൾ ഈ മൂന്നുകൊല്ലം മൂന്നുദിവസംപോലെയാണു തോന്നുന്നതു്. നിങ്ങൾ കപ്പൽ കയറുമ്പോഴേയ്ക്കും എന്നെ മറന്നുപോകും. പുതിയ പുതിയ കാഴ്ചകൾ നിങ്ങളുടെ മാനസോല്ലാസത്തിനുണ്ടാകും. യൂറോപ്പിലെത്തി അവിടത്തെ വിദ്വാന്മാരോടിടപെടുമ്പോൾ നിങ്ങൾക്കു വീടിന്റെ കാര്യംതന്നെയോർമ്മയുണ്ടാവില്ല. എനിക്കു കരയുകയല്ലാതെ മറ്റൊരു ജോലിയില്ല. ഇതേ സ്മരണകളായിരിക്കും എന്റെ ജീവിതത്തിന്റെയാധാരം. പക്ഷേ എന്തുചെയ്യും! ജീവിതത്തിന്റെ ഭോഗലാലസകൾ സമ്മതിക്കുന്നില്ല. പിന്നെ ജീവിതത്തിന്റെ സകല വിഭ്രതികളും ക്രൂടെക്കൊണ്ടുവരുന്ന വിയോഗത്തിന്റെയന്ത്യഘട്ടം വാസ്തവത്തിൽ തപസ്യയാണു്. തപസ്യയില്ലാതെ വരം കിട്ടുകയില്ല."

കേശവനും തോന്നി, ക്ഷണികമായ മോഹാവേശത്തിൽപെട്ട സ്വഭാവനിർമ്മാണത്തിനുള്ള സുവർണ്ണാവസരം നിരുപയോഗമാക്കിക്കളയുന്നതു മണ്ടത്തമാണെന്നു്. അയാൾ എഴുന്നേറ്റുനിന്നു പറഞ്ഞു, "വല്ലാതെ കരഞ്ഞു കുളം കുഴിക്കരുതു്. എന്റെ ജീവനെ വേദനപ്പെടുത്തും."

സുഭദ്ര അയാളുടെ കൈപിടിച്ചു മാറ്റി ചേർത്തു കൊണ്ടു നിറഞ്ഞ കണ്ണുകളോടെ മുഖത്തുനോക്കിപ്പറഞ്ഞു, "തുടരെത്തുടരെ കുത്തിയെടുക്കൊണ്ടിരിക്കണം."

"തീർച്ചയായും. ആഴ്ചയിലൊന്നുവീതമെഴുതും."

സുഭദ്ര നിറഞ്ഞകണ്ണുകളോടെ പുഞ്ചിരിയിട്ടുകൊണ്ടു പറഞ്ഞു, "നോക്കൂ, ശീമപ്പെണ്ണുങ്ങളുടെ വലയിൽ പെടാതെ സൂക്ഷിച്ചോളണം"

കേശവൻ വീണ്ടും കട്ടിലിലിരുന്നുകൊണ്ടു പറഞ്ഞു, "നിങ്ങൾക്കു സംശയമാണെങ്കിൽ ഞാൻ പോകുന്നേയില്ല"

സുഭദ്ര അയാളുടെ കഴുത്തിലൂടെ കൈയിട്ടു വിശ്വാസസൂചകമായി നോക്കിക്കൊണ്ടുപറഞ്ഞു, "ഞാൻ തമാശപറഞ്ഞതല്ലേ!"

"ഇന്ദ്രലോകത്തിലെ അപ്സരസ്സു വന്നാൽപോലും മിഴിപൊക്കിനോക്കില്ല. ബ്രഹ്മാവു് ഇങ്ങനെ മറെറാരു സ്ത്രീ ചെയ്തിട്ടേയില്ല."

"ഇടയ്ക്കുവധി കിട്ടിയാൽ ഒരുതവണ വന്നുപോകണം."

"ഇല്ല പ്രിയേ, ഇടയ്ക്കുവധി കിട്ടിയെന്നു വരില്ല. എന്നാൽ നിങ്ങൾ കരഞ്ഞു കൂളം കൂത്തുന്നുവെന്നു കേട്ടാൽ, ദു:ഖിച്ചു പട്ടിണി കിടക്കുന്നുവെന്നറിഞ്ഞാൽ, ഞാൻ തീർച്ചയായുമോടിയെത്തും. ഈ പുഷ്പം ലേശം പോലും വാടുവാൻ പാടില്ല."

രണ്ടുപേരും അന്യോന്യം ആലിംഗനംചെയ്തു പിരിഞ്ഞു. പുറത്തു ബന്ധുമിത്രാദികളുടെ ഒരു സംഘം കാത്തുനിന്നിരുന്നു. കേശവൻ മൂത്തവരുടെ കാൽ തൊട്ടു

വന്നിച്ചു, ഇളയവരെ കെട്ടിപ്പിടിച്ചു. പിന്നെ സ്റ്റേഷനിലേക്കു യാത്രയായി. സ്നേഹിതന്മാർ സ്റ്റേഷൻവരെ യാത്ര അയയ്ക്കുവാൻ പോയി. ക്ഷണനേരത്തിനുള്ളിൽ വണ്ടി യാത്രക്കാരെക്കൊണ്ടുപോയിക്കഴിഞ്ഞു.

കേശവൻ വണ്ടിയിലിരുന്നു മലകളുടെ പച്ചപ്പു കണ്ടാനന്ദിക്കുവാൻ തുടങ്ങി; സുഭദ്ര നിലത്തുവീണു തേങ്ങിക്കരയുവാനും.

2

ദിവസങ്ങൾ നീങ്ങുവാൻ തുടങ്ങി. സുഖക്കേടുകാലത്തെ ദിവസങ്ങൾപോലെ സുഭദ്രയ്ക്കു പകൽ പർവ്വതംപോലെ ദുഷ്കരവും രാത്രി കരിംഭ്രതംപോലെ ഭയാനകവുമായിരുന്നു. രാത്രി മുഴുവൻ എങ്ങനെയെങ്കിലും പുലർച്ചയാകുവാൻ കാത്തിരിക്കും. പുലർച്ചയായാൽ പിന്നെ സന്ധ്യയാകാനുള്ള കാത്തിരിപ്പായി. കുറച്ചാശ്വാസം കിട്ടുമെന്നു കരുതി പിറന്ന വീട്ടിൽ പോയി. അഞ്ചുപത്തുദിവസം ഒരു പുതുമയുണ്ടായിരുന്നു. പിന്നെ മുമ്പത്തെക്കാൾ മോശമായ സ്ഥിതി. വീണ്ടും ഭർത്തൃഗൃഹത്തിലേക്കുതന്നെ ഓടിവന്നു. രോഗികൾ ഇടവും വലവും തിരിഞ്ഞുകിടന്നാശ്വസിക്കാറുണ്ട്!

ആദ്യം അഞ്ചാറുമാസംവരെ കേശവന്റെ എഴുത്തുകൾ പതിനഞ്ചാംദിവസം കൃത്യമായി വന്നിരുന്നു. അവയിൽ വിയോഗരംഗങ്ങളുടെ വർണ്ണനം അധികമ

ധികമായിട്ടുണ്ടായിരുന്നു. എങ്കിലും സുഖമാണു്, അവൾക്കിതുമാത്രം മതി. ഇതിനെതിരായി, അവളെഴുത്തുമ്പോൾ വിരഹവേദനയല്ലാതെ മറെറാന്നും തോന്നിയിരുന്നില്ല. ഇടയ്ക്കിടയ്ക്കു വല്ലാതെ അസ്വസ്ഥത വരുമ്പോൾ അവൾ പശ്ചാത്തപിച്ചിരുന്നു, പോകാൻ സമ്മതിച്ചതു കഷ്ടമായെന്നു് ഒരുദിവസമെങ്കിലും മരിച്ചുപോയാൽ അദ്ദേഹത്തെക്കാണുവാൻപോലും സാദ്ധ്യമല്ല!

എന്നാൽ ആറാംമാസംമുതൽ എഴുത്തുകളിലും താമസം കണ്ടുതുടങ്ങി. കുറെ മാസങ്ങളോളം മാസത്തിൽ ഒരെഴുത്തുവീതം വന്നിരുന്നു. പിന്നെ അതും അവസാനിച്ചു. സുഭദ്രയുടെ അഞ്ചാറെഴുത്തുകൾ അങ്ങോട്ടു പോകുമ്പോൾ ഒരെഴുത്തു് ഇങ്ങോട്ടുവരും. അതും ഹൃദയമില്ലാതെ എഴുതിയതു് ഹൃദയത്തിനു സമാധാനം കിട്ടുന്ന, പൊരിയുന്ന മനസ്സിന്നാശ്വാസം ലഭിക്കുന്ന, ഒരൊറ്റ വാക്യംപോലുമില്ല, ആദ്യംമുതൽ അവസാനംവരെയും. 'പ്രിയേ' എന്ന വാക്കുപോലുമില്ല! സുഭദ്രയ്ക്കു ധൈര്യമൊക്കെപോയി. അവൾ യൂറോപ്പിലേക്കു പോകാൻതന്നെ നിശ്ചയിച്ചു. അവൾ സകല കഷ്ടതകളും സഹിക്കും. തലയ്ക്കു മുകളിൽ വരുന്നതൊക്കെയനുഭവിക്കും. കേശവനെ കൺമുമ്പിൽ കണ്ടുകൊണ്ടിരുന്നാൽ മതി അവൾ ഈ സംഗതി അയാളിൽനിന്നു മറച്ചുവെക്കും. അയാളുടെ കഷ്ടതകൾ വർദ്ധിപ്പിക്കുകയില്ല. അയാളോടു സംസാരിക്കുകതന്നെയില്ല. ഇടയ്ക്കിടയ്ക്കു കണ്ണുനിറയെ കാണുകമാത്രമെ ചെയ്യുകയുള്ളൂ. അവളുടെ സമാധാന

ത്തിന്നിതുമതി. അവളുടെ കേശവൻ ഇന്നു് അവളുടെയല്ലാതായിരിക്കുന്നുവെന്നതിനെപ്പറ്റി അവളെന്തറിഞ്ഞു! അയാൾ ഇന്നു മറെറാരു കാമിനിയുടെ പ്രേമത്തിനു ഭിക്ഷ യാചിക്കുകയാണു്.

സുഭദ്ര വളരെ ദിവസം ഈ പ്രമേയം മനസ്സിൽ വെച്ചാലോചിച്ചുകൊണ്ടിരുന്നു. അവൾക്കു് ഒരുവിധത്തിലുള്ള ശങ്കയുമുണ്ടായിരുന്നില്ല. വർത്തമാനപ്പത്രങ്ങൾ വായിച്ചിരുന്നതുകൊണ്ടു സമുദ്രയാത്രയെപ്പറ്റി അറിയാവുണ്ടു്. ഒരുദിവസം അവൾ ശത്രുവിന്റെയും ശത്രുരന്റെയും മുമ്പിൽ തന്റെ നിശ്ചയം പ്രകടമാക്കി. അവർ വളരെ ഉപദേശിച്ചു, തടയാൻ വളരെ പരിശ്രമിച്ചു. പക്ഷെ അവൾ ശാഠ്യം വിട്ടില്ല. അവസാനം ഇവളൊരു വിധത്തിലും സമ്മതിക്കില്ലെന്നു കണ്ടപ്പോൾ അവർ സമ്മതിച്ചു. അമ്മയുടെ വീട്ടിലുള്ളവരും ഉപദേശിച്ചു തോറ്റുപോയി. അവൾ തന്നെത്താൻ കുറെ പണം ശേഖരിച്ചുവെച്ചിരുന്നു. കുറെ ഭർത്തൃഗൃഹത്തിൽനിന്നു കിട്ടി. മാതാപിതാക്കളും സഹായിച്ചു. വഴിച്ചെലവിനെപ്പറ്റി ഉൽക്കണ്ഠയില്ല. ഇംഗ്ലണ്ടിൽചെന്നിട്ടെന്തുചെയ്യുമെന്നും ഇതുവരെ അവൾ നിശ്ചയിച്ചിട്ടില്ല. ഇതറിയാം, പണിയെടുത്താൽ പട്ടിണി കിടക്കേണ്ടി വരികയില്ല.

യാത്ര തിരിക്കുന്ന സമയത്തു് ശത്രുവും ശത്രുരനും സ്റ്റേഷൻവരെ അനുഗമിച്ചു. വണ്ടി പുളംവിളിച്ചപ്പോൾ സുഭദ്ര കൈകുപ്പിപ്പറഞ്ഞു, "ഞാൻ ചെല്ലുന്ന വർത്തമാനം അങ്ങോട്ടെഴുതണ്ട. അദ്ദേഹത്തിനു വിചാരമാകും. പഠിപ്പിൽ മനസ്സിരിക്കാതാകും."

ശത്രുരൻ സാന്ത്വനംചെയ്തു. വണ്ടിയിളകി.

3

ഈ സമൃദ്ധിയുടെ നടുവിലും ദാരിദ്ര്യത്തിന്റെ നടനരംഗമായ ലണ്ടൻ പട്ടണത്തിന്റെ ആ വശത്തു മുകളിലത്തെ നിലയിലുള്ള ഒരു മുറിയിൽ സുഭദ്ര ഒരു കസേരയിലിരിക്കുകയാണു്. അവൾ ഇവിടെ വന്നിട്ട് ഒരുമാസമായിരിക്കുന്നു. യാത്രയ്ക്കു മുമ്പു് അവളുടെ മനസ്സിലുണ്ടായിരുന്ന സംശയങ്ങൾ മുഴുവൻ ശമിച്ചിരിക്കുന്നു. ബോംബേ തുറമുഖത്തു കപ്പലിൽ സ്ഥലംകിട്ടുന്ന പ്രശ്നം വളരെയെളുപ്പത്തിൽ പരിഹരിച്ചു. യൂറോപ്പിലേക്കു പോകുന്നതു് അവളൊരുസ്ത്രീ മാത്രമായിരുന്നില്ല, അഞ്ചാറു മഹിളകൾ അതേ കപ്പലിൽ പോകുന്നുണ്ടായിരുന്നു. സുഭദ്രയ്ക്കു സ്ഥലം കിട്ടുവാൻ പ്രയാസമൊന്നുമുണ്ടായില്ല യാത്രയ്ക്കും പ്രയാസം നേരിട്ടില്ല. ഇവിടെ വന്നു മറ്റു മഹിളമാരിൽനിന്നു വേർപിരിഞ്ഞിരിക്കുന്നു. ഒരുവൾ ഏതോ വിദ്യാലയത്തിലേക്കു പോയി. രണ്ടുമൂന്നുപേർ നേരത്തേതന്നെ ഇവിടെയെത്തിയിരുന്ന തങ്ങളുടെ ഭർത്താക്കന്മാരുടെ അടുത്തേക്കു പോയി. സുഭദ്ര ഈ പ്രദേശത്തു് ഈ മുറി എടുത്തിരിക്കയാണു്. ജീവിതപ്രശ്നം അവൾക്കത്ര കഠിനമായിരുന്നില്ല. അവളൊന്നിച്ചു വന്ന സ്ത്രീകൾ പലരും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ഭാര്യമാരായിരുന്നു. അവർക്കു പല നല്ല നല്ല സായ്പന്മാരുടെ വീടുകളിൽ പരിചയമുണ്ടായിരുന്നു. സുഭദ്രയ്ക്കു രണ്ടു സ്ത്രീകളെ ഹിന്ദിയും ഭാരതീയ സംഗീതവും പഠിപ്പിക്കുന്ന

ജോലി കിട്ടി. ബാക്കിസമയം അവർ ഇൻഡ്യാക്കാരായ സ്ത്രീകൾക്ക് ഉടുപ്പു തുന്നുന്ന ജോലിചെയ്യുന്നു. കേശവൻ താമസിക്കുന്നതു് അവിടെയടുത്താണു്. അതുകൊണ്ടുതന്നെയാണു സുഭദ്ര ഈ പ്രദേശമിഷ്ടപ്പെട്ടതു്. തലേദിവസം അവർ കേശവനെക്കാണുകയും ചെയ്തു. ഹാ! അയാൾ ഇറങ്ങുന്നതു കണ്ടു് അവളുടെ മനസ്സു് എത്രമാത്രം വ്യസനിച്ചിരിക്കണം! അതെ, ഓടിച്ചെന്നു് അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് ഇങ്ങനെ ചോദിക്കുവാൻപോലും തോന്നി: എന്താ, ഇവിടെ വന്നതോടെ ആളൊന്നു മാറിപ്പോയി, അല്ലേ? ഇങ്ങോട്ടു പോരുമ്പോൾ എന്തൊക്കെയാണു ശപഥംചെയ്തിരുന്നതെന്നോർമ്മയുണ്ടോ? അവർ വളരെ പ്രയാസപ്പെട്ടു സ്വയം നിയന്ത്രിക്കുകയാണു ചെയ്തതു്. അപ്പോൾ മുതൽ ഇപ്പോഴും അവർക്കൊരു ലഹരി കയറിയതുപോലെയാണു്. അവർ അയാളുടെ ഇത്രയടുത്തു്! വേണമെങ്കിൽ ദിവസംപ്രതി അയാളെക്കാണാം; അയാളുടെ സംഭാഷണം കേൾക്കാം. അതെ, അയാളെ തൊട്ടുകൂടി ചെയ്യാം. ഇപ്പോൾ അയാൾ അവളെവിട്ടെവിടേക്കാണോടിപ്പോവുക? അയാളുടെ കണ്ണുകളെപ്പററിയിപ്പോൾ എന്തു ചിന്തിക്കാൻ? കുറച്ചു ദിവസങ്ങൾക്കു ശേഷം അവർക്കു് അയാളുടെ ഹോട്ടലിലെ വേലക്കാരോടു വേണ്ടതൊക്കെ ചോദിച്ചറിയാൻ കഴിഞ്ഞേക്കും.

സന്ധ്യ കഴിഞ്ഞ സമയം. പുകപുരണ്ട വിളക്കുകൾ പകുതിമാത്രം തിമിരം ബാധിച്ച കണ്ണുകൾപോലെ മങ്ങിയിരുന്നു. തെരുവിൽ സ്ത്രീപുരുഷന്മാർ സവാരിക്കിറ

ങ്ങി നടക്കുന്നുണ്ടായിരുന്നു. സുഭദ്ര ചിന്തിക്കാൻ തുടങ്ങി; ഇവർക്ക് എന്തൊരാഹ്ലാദമാണു്! ഒരുത്തനും ഒരു ചിന്തയേ ഇല്ലെന്നു തോന്നും, സകലരും സമ്പന്നരായാലെന്ന മാതിരി. ഇവരൊക്കെ എത്രമാത്രം ഏകാഗ്രതയോടെ ജോലിചെയ്യുന്നു! ഏതുസമയത്തും ചെയ്യുന്ന ജോലി മനസ്സിരുത്തിച്ചെയ്യുന്നു. കളിക്കാനുള്ള താല്പര്യം ജോലിചെയ്യുന്നതിലുമുണ്ടു്. ഈ നമ്മളൊക്കെയുണ്ടല്ലൊ, ചിരിക്കയുമില്ല, കരകയുമില്ല. ഉശിരോടെയൊരു പണിചെയ്യില്ല. ജോലിയാണെങ്കിൽ സദാസമയവും ചെയ്യും, ഉണ്ണാൻപോലും സമയമില്ലാതെ പക്ഷെ വാസ്തവത്തിൽ നാലിലൊരു ഭാഗം നേരംപോലും ജോലിക്കു ചെലവാക്കില്ല. ജോലി ചെയ്യുകയെന്ന നാട്യം മാത്രമാണു്. നമ്മുടെ വർഗ്ഗക്കാർക്കു ജീവനില്ലാതായിരിക്കുന്നുവെന്നു തോന്നുന്നു.

പെട്ടെന്നവൾ കേശവൻ പോകുന്നതു കണ്ടു. അതെ, കേശവൻതന്നെ. അവൾ കസേരയിൽനിന്നെണീറ്റു വരാന്തയിൽ വന്നു. ഇറങ്ങിച്ചെന്നു് അയാളുടെ കഴുത്തിൽ കെട്ടിപ്പിടിക്കുവാൻ ഒരാസക്തി തോന്നി. അവൾ അപരാധംചെയ്തുവെങ്കിൽ അതു് അയാൾ കാരണംതന്നെയല്ലെ? അയാൾ മുറയ്ക്കു ഴുത്തയച്ചുകൊണ്ടിരുന്നെങ്കിൽ അവൾ വരുമായിരുന്നോ?

പക്ഷെ കേശവന്റെകൂടെ ഈ യുവതി ആരു്? ആഹാ! കേശവൻ അവളുടെ കൈപിടിച്ചിരിക്കുന്നു. രണ്ടുപേരും പുഞ്ചിരിതൂകി സംസാരിച്ചുകൊണ്ടുപോകുന്നു. ഈ യുവതി ആരു്?

സുഭദ്ര ശ്രദ്ധിച്ചുനോക്കി. യുവതിയുടെ നിറം കറുപ്പാണു്. ഇതൊരു ഭാരതീയ മഹിളതന്നെ. അവളുടെ വസ്ത്രധാരണം ഭാരതീയ രീതിയിലാണു്. ഇതിലധികം സുഭദ്രയ്ക്കൊന്നും മനസ്സിലായില്ല. അവൾ ഉടൻ ചെരിപ്പിട്ടു. വാതിലടച്ചു. ക്ഷണനേരത്തിനുള്ളിൽ തെരുവിലെത്തി. കേശവനെ ഇപ്പോൾ കാണാനില്ല. അവൾ അയാൾ പോയ ദിക്കിലേക്കുതന്നെ കുതിച്ചു നടന്നു. ഏതാണ്ടോടുന്നമാതിരിതന്നെ വേഗത്തിൽ അവളുടെ കാലുകൾ പ്രവർത്തിച്ചിരുന്നു. പക്ഷെ ഇതുപെട്ടെന്നു രണ്ടുപേരും എവിടെ മറഞ്ഞുപോയി? ഇതിനിടയ്ക്കു് അവൾ അവരുടെ അടുത്തെത്തേണ്ടതായിരുന്നു. അഥവാ രണ്ടുപേരും ഏതെങ്കിലും ബസ്സിൽ കയറിപ്പോയിരിക്കും?

അവൾ ആ തെരുവുകടന്നു് ഒരു വലിയ വീഥിയിലെത്തി. ഇരുവശത്തും വലിയ വലിയ പീടികകൾ വെട്ടിത്തിളങ്ങിയിരുന്നു. അടിക്കടിക്കു ഹോട്ടലുകളും റെസ്റ്റോറണ്ടുകളും ഉണ്ടായിരുന്നു. സുഭദ്ര രണ്ടുവശത്തും പരതിനോക്കി, പരിഭ്രമിച്ചുഴറിക്കൊണ്ടു് എത്രദൂരം പോയെന്നൊരു നിശ്ചയമില്ല.

അവൾ പിന്നീടാലോചിച്ചു! ഇങ്ങനെ എവിടംവരെപ്പോകും? ആക്കറിയാം, എവിടെപ്പോയെന്നു്? വീണ്ടും ചെന്നവരാന്തയിൽത്തന്നെ നോക്കട്ടെ ഇതിലേ പോയവർ ഇതിലേതന്നെ മടങ്ങിയേക്കും ഈ ചിന്തവന്നതോടെ അവൾ തന്റെ സ്ഥലത്തേക്കുതന്നെ തിരിഞ്ഞുമണ്ടി. അവിടെ എത്തിയപ്പോൾ മണിപന്ത്രണ്ടടിച്ചിരുന്നു. ഇത്രയുംനേരം നടക്കുകതന്നെ

യായിരുന്നു! ക്ഷണസമയംപോലും. അവൾ വിശ്രമിച്ചിട്ടില്ല.

അവൾ മുകളിലെത്തിയപ്പോൾ ഗൃഹനായിക പറഞ്ഞു, "ഏറെനേരമായി നിങ്ങൾക്കു ഭക്ഷണം കാത്തുവെച്ചുകൊണ്ടിരിക്കുന്നു."

സുഭദ്ര ഭക്ഷണം തന്റെ മുറിക്കകത്തു വാങ്ങിവെച്ചു. പക്ഷെ ഉണ്ണാൻ തോന്നിയില്ല. അവൾ അതേ വരാന്തയിൽ കേശവൻ പോയ വശത്തേക്കുതന്നെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടു നിന്നു.

ഒന്നാടിച്ചു, രണ്ടാടിച്ചു. എന്നിട്ടും കേശവൻ മടങ്ങിയില്ല. അവൾ മനസ്സിൽ പറഞ്ഞു; അവർ വേറെ ഏതെങ്കിലും വഴിക്കു പോയിരിക്കും. ഞാനിവിടെ നോക്കിനില്ക്കുന്നതു വെറുതെയാണു്. പോയിക്കിടന്നുറങ്ങാം. പക്ഷെ പിന്നെയും വിചാരിച്ചു, എങ്ങാനും വരുന്നേയുള്ളുവെങ്കിലോ?

അവൾക്കുറക്കംവന്നതെപ്പോഴാണെന്നറിഞ്ഞുകൂടാ.

4

അടുത്തദിവസം രാവിലെ സുഭദ്ര തന്റെ ജോലിക്കു പോകാനിറങ്ങുമ്പോൾ പെട്ടെന്നാരിയുടുത്ത ഒരു യുവതി വന്നു പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു, "ക്ഷമിക്കണം. ഞാൻ രാവിലെതന്നെ നിങ്ങളെ ബുദ്ധിമുട്ടിക്കുകയാണു്. നിങ്ങളെവിടെയോ പോകാനൊരുങ്ങുകയാണെന്നു തോന്നുന്നു."

സുഭദ്ര കസേര നീക്കിയിട്ടുകൊണ്ടുപറഞ്ഞു, "അതെ, ഒരു കായ്ത്തിനുവേണ്ടി പുറത്തിറങ്ങുകയായിരുന്നു. ഞാൻ നിങ്ങൾക്കെന്താണു ചെയ്യേണ്ടതു്?"

ഇതു പറഞ്ഞുകൊണ്ടു സുഭദ്ര യുവതിയെ അടിമുടിയൊന്നു വിമർശനദൃഷ്ടികൊണ്ടു നോക്കി. ആ നോട്ടം സ്ത്രീകൾക്കു മാത്രമെ സാദ്ധ്യമാകൂ. സൗന്ദര്യത്തിന്റെ ഏതൊരു പരിഭാഷകൊണ്ടും അവളെ സുന്ദരിയെന്നു പറഞ്ഞുകൂടാ. നിറം കുറെ കറുത്തു മുഖം കുറെ വിസ്താരത്തിൽ തല്ലിപ്പരത്തിയമാതിരി. കുറിയതെങ്കിലും തടിച്ച ശരീരം. കണ്ണുകളിൽ കണ്ണടവെച്ചിട്ടുണ്ടു്. ഇങ്ങിനെയൊക്കെയാണെങ്കിലും കണ്ണുകളെ തന്നിലേക്കാകർഷിക്കുന്ന എന്തോ ഒന്നു് അവളിലുണ്ടു്. ഒരു ദേവിയുടെ വരപ്രഭാവത്താലെന്നപോലെ അവളുടെ വാക്കു മധുരവും നിയതവും വിനമ്രവുമാണു്. ഓരോ അവയവത്തിൽനിന്നും പ്രതിഭയുടെ പ്രഭാപടലങ്ങൾ വികിരണംചെയ്യുന്നുണ്ടു്. അവളുടെ മുമ്പിൽ

സുഭദ്ര കനംകുറഞ്ഞ നിസ്സാരയാണെന്നു തോന്നി. യുവതി കസേരയിലിരുന്നുകൊണ്ടു പറഞ്ഞു–

"എനിക്കു തെറ്റുപറ്റിയെങ്കിൽ ക്ഷമിക്കണം. നിങ്ങടം തുന്നൽപണി ചെയ്യാറുണ്ടെന്നാണു ഞാൻ ധരിച്ചിരിക്കുന്നതു്. അതിന്റെ ലക്ഷ്യമായിട്ടിവിടെ തുന്നൽമിഷ്യൻ കാണാനുമുണ്ടു്".

"ഞാൻ രണ്ടു മഹിളമാരെ ഹിന്ദി പഠിപ്പിക്കുന്നുണ്ടു്. ബാക്കി സമയം തുന്നൽപ്പണിയും ചെയ്യും. നിങ്ങടം തുണി കൊണ്ടുവന്നിട്ടുണ്ടോ?"

"ഇല്ല, ഇപ്പോഴും തുണി കൊണ്ടുവന്നിട്ടില്ല." യുവതി ലജ്ജയാൽ തലകുനിച്ചു പുഞ്ചിരിയിട്ടുകൊണ്ടു പറഞ്ഞു, "ഇതാണു കാര്യം.....എന്റെ വിവാഹം നിശ്ചയിച്ചിട്ടുണ്ടു്. ഞാൻ വസ്ത്രാഭരണങ്ങളെല്ലാം ഇൻഡ്യൻ രീതിയിൽ വേണമെന്നാഗ്രഹിക്കുന്നു. വിവാഹവും വൈദികസമ്പ്രദായത്തിൽതന്നെയായിരിക്കും. അത്തരമുടുപ്പുകടം ഇവിടെ നിങ്ങടംക്കു മാത്രമെ ശരിപ്പെടുത്താനൊക്കുകയുള്ളൂ."

സുഭദ്ര ചിരിച്ചുകൊണ്ടു പറഞ്ഞു, "ഇത്തരം മംഗളമുഹൂർത്തത്തിൽ നിങ്ങടംക്കുവേണ്ടി ഉടുപ്പുകടം തയാറാക്കിത്തരുന്നതിൽ എനിക്കു കൃതാർത്ഥതയുണ്ടു്. ആശുഭദിവസം എന്നാണു്?"

യുവതി സങ്കോചപൂർവ്വം പറഞ്ഞു, "അദ്ദേഹം പറയുന്നുണ്ടു്, ഈയാഴ്ചയിൽതന്നെയാവാമെന്നു്. എന്നാൽ ഞാൻ നീട്ടിവെയ്ക്കുകയാണു്. ഇന്ത്യയിലേക്കു മടങ്ങിയിട്ടു മതി വിവാഹമെന്നാണു് എന്റെ ആഗ്രഹം. എന്നാൽ എന്തുപറഞ്ഞാലും അനുസരിക്കില്ല.

അത്രയ്ക്കു ഭ്രാന്തായിട്ടുണ്ട് അദ്ദേഹത്തിനു്. ഇപ്പോൾ ഞാൻ ഉടുപ്പുകൾ തുന്നിച്ചുകഴിയട്ടെ എന്നുപറഞ്ഞൊഴിഞ്ഞിരിക്കയാണു്."

"എന്നാൽ ഞാൻ നിങ്ങളുടെ ഉടുപ്പുകൾ വളരെ വേഗം തയ്ച്ചുതന്നേക്കാം"

യുവതി ചിരിച്ചുകൊണ്ടു പറഞ്ഞു, "നിങ്ങൾ ഏതാനും മാസങ്ങളെടുക്കണമെന്നാണു് എന്റെ ആഗ്രഹം."

"കൊള്ളാം, ഞാൻ ഈ ശ്രുദ്ധകർമ്മത്തിലെന്തിനു തടസ്സമുണ്ടാക്കുന്നു? ഈ ആഴ്ചയിൽത്തന്നെ നിങ്ങൾ കുടുപ്പുകൾ തുന്നിത്തന്നു് അദ്ദേഹത്തോടതിനു സമ്മാനം വാങ്ങും."

യുവതി കിലുകിലെ ചിരിച്ചു. മുറിക്കകത്തു പ്രകാശത്തിന്റെയൊരു വേലിയേറ്റമുണ്ടായി. അവൾ പറഞ്ഞു, "ഇതിനു സമ്മാനം അദ്ദേഹം തീർച്ചയായും തരും. വളരെ സന്തോഷത്തോടുകൂടി തരും. ഞാൻ വിവാഹബന്ധനത്തിൽപ്പെടുകയേയില്ലെന്നു സത്യം ചെയ്തിരിക്കയായിരുന്നു. പക്ഷെ അദ്ദേഹം എന്റെ സത്യം തെറ്റിച്ചു. ഇപ്പോൾ എനിക്കു തോന്നുന്നു, പ്രേമബന്ധം എത്രമാത്രം ആനന്ദദായകമാണെന്നു്: നിങ്ങൾ ഇയ്യിടെ മാത്രമാണല്ലൊ ഇവിടെ വന്നതു്. ഭർത്താവും കൂടെയുണ്ടായിരിക്കും?"

സുഭദ്ര ഒന്നുരുണ്ടു. അവൾ പറഞ്ഞു, "അദ്ദേഹമിപ്പോൾ ജർമ്മനിയിലുണ്ടു്. സംഗീതത്തിൽ വലിയ താല്പര്യമാണു്. സംഗീതമഭ്യസിക്കാൻ അവിടെപ്പോയിരിക്കയാണു്."

"നിങ്ങൾക്കും സംഗീതമറിയാമോ?"

"വളരെ കുറച്ച്."

"കേശവന്റെ സംഗീതത്തിൽ വലിയ താല്പര്യമാണ്."

കേശവനെന്ന പേരു കേട്ടപ്പോൾ സുഭദ്രയുടെ തൊണ്ട കുത്തിയതുപോലെ തോന്നി. അവൾ ഞെട്ടിത്തെറിച്ചു.

യുവതി ചോദിച്ചു, "നിങ്ങളെന്താണ് ഞെട്ടിയത്?കേശവനെയറിയാമോ?"

സുഭദ്ര മനഃപൂർവ്വം പറഞ്ഞു, "ഇല്ല. ഞാൻ ഈ പേരു കേട്ടിട്ടില്ല. അദ്ദേഹം ഇവിടെയെന്തുചെയ്യുന്നു?"

സുഭദ്രയോർത്തു: "കേശവനെന്നതു മറ്റൊരാളുടെ പേരായിക്കൂടേ? അതുകൊണ്ടുതന്നെയാണ് അവൾ ഈ ചോദ്യം ചോദിച്ചതു്. ഇതിന്റെ മറുപടിയിലാണ് അവളുടെ ജീവിതത്തിന്റെ വിധി കിടക്കുന്നതു്."

യുവതിപറഞ്ഞു, "അദ്ദേഹമിവിടെ വിദ്യാലയത്തിൽ പഠിക്കുകയാണ്. ഇന്ത്യാ ഗവണ്മെന്റു് അദ്ദേഹത്തെ അയച്ചിരിക്കയാണ്. ഇപ്പോൾ വന്നിട്ട് ഒരു കൊല്ലമായിട്ടില്ല. നിങ്ങൾക്കു കണ്ടാലത്ഭുതം തോന്നും. ബുദ്ധിയുടെയും തേജസ്സിന്റെയും പ്രത്യക്ഷരൂപമാണ്, ഇവിടത്തെ നല്ല നല്ല പ്രൊഫസർമാർ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഇതു മനോഹരമായ വാക്പ്രസരം മറ്റൊരാളുടെ മുഖത്തുനിന്നു ഞാൻ കേട്ടിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതം ആദർശപരമാണ്.

അദ്ദേഹത്തിനെന്നോട്ട പ്രേമം തോന്നിയതിൽ എനി ക്കാശ്ചര്യമുണ്ട്. എനിക്കു സൗന്ദര്യമില്ല, സൗകുമാര്യമി ല്ല. എന്റെ സൗഭാഗ്യമെന്നല്ലാതെന്തുപറയും! എ ന്നാൽ ഞാൻ വൈകുന്നേരം തുണി കൊണ്ടുവരാം."

സുഭദ്ര മനസ്സിൽ പൊങ്ങിവന്ന ഉദ്വേഗം നിയ ന്ത്രിച്ചുകൊണ്ടുപറഞ്ഞു, "ശരി."

യുവതി ഇറങ്ങിയപ്പോൾ സുഭദ്ര തേങ്ങിത്തേങ്ങി ക്കരയാൻ തുടങ്ങി. ദേഹത്തിൽ രക്തംതന്നെയില്ലാ തായതുപോലെ തോന്നി. പ്രാണൻതന്നെ പോയതു പോലെ തോന്നി. താൻ എത്രമാത്രം ബലഹീനയാ ണ്, ഗതികെട്ടവളാണ്—അവൾക്കിപ്പോൾ ഇതനു ഭവപ്പെട്ട. ലോകത്തിൽ അവൾക്കാരുമില്ലെന്നു തോ ന്നി. അവളുടെ ജീവിതം ഇനി വെറുതെയാണ്. അ വൾക്കിനി ജീവിതത്തിൽ കരച്ചിലല്ലാതെയെന്താണു ള്ളതു? അവളുടെ ജ്ഞാനേന്ദ്രിയങ്ങളാകെ ശിഥില ങ്ങളായി. താൻ ഒരുയർന്ന വൃക്ഷത്തിൽനിന്നു താഴോട്ട വീണതായിട്ടവൾക്കു തോന്നി. ഇതാണ് അവളുടെ പ്രേമത്തിനും ഭക്തിക്കുമുള്ള സമ്മാനം! അവൾ എത്ര യെത്ര പ്രതീക്ഷകളോടെയാണു കേശവനെ ഇങ്ങോട്ട യച്ചതു! എന്നിട്ടിവിടെ വന്നപ്പോൾതന്നെ അയാൾ അവൾക്കു സർവ്വനാശം വരുത്തുക!

പഴയ കാര്യങ്ങൾ ഓർമ്മയിൽ വരാൻ തുടങ്ങി. ആ സരളസാധാരണമായ രൂപം കൺമുമ്പിൽ നൃത്തം വയ്ക്കാൻ തുടങ്ങി. അവൾക്കല്പമൊരു തലവേദനയുണ്ടാ

യാൽ കേശവൻ എത്രമാത്രം വ്യാകുലപ്പെട്ടുമായിരുന്നു! ഒരുതവണ അവൾക്കു പനിപിടിച്ചപ്പോൾ കേശവൻ എത്രമാത്രം പരിഭ്രമിച്ചു! പതിനഞ്ചുദിവസം അവധിയെടുത്തുവന്നു തലയ്ക്കൽതന്നെ രാവോടുരാവു വീശിക്കൊണ്ടിരുന്നു. അതേ കേശവൻ ഇപ്പോഴേയ്ക്കും ഇത്രവേഗം അവളോടിത്ര വെറുത്തുപോയിരിക്കുന്നു! അയാൾക്കുവേണ്ടി സുഭദ്ര എന്തൊന്നാണു ചെയ്യാതിരുന്നിട്ടുള്ളതു്? അവൾ അയാളെത്തന്നെ തന്റെ ജീവധനമായി, തന്റെ ജീവസർവ്വസ്വമായിക്കരുതുന്നു. അല്ലല്ല, കേശവന്റെ കുറ്റമല്ല. കുറ്റമെല്ലാം ഇവളുടെയാണു്. ഇവളാണു് തന്റെ മധുരവചനങ്ങളാൽ അയാളെ വശീകരിച്ചതു്. ഇവളുടെ ബുദ്ധിയും വിദ്യയും വാക്പടുതയുമാണു് അയാളുടെ ഹൃദയത്തെ കീഴടക്കിയതു്. ഹായ്, അവൾ എത്രതവണ കേശവനോടു പറഞ്ഞിട്ടുണ്ടു്, തന്നെയും പഠിപ്പിക്കണമെന്നു്. എന്നാൽ അയാൾ എപ്പോഴും ഇതേ മറുപടിയാണു കൊടുത്തിരുന്നതു്: "നിങ്ങളെ ഇന്നത്തെമാതിരിയാണെനിക്കിഷ്ടം. നിങ്ങളുടെ സ്വാഭാവികമായ സാരള്യത്തെ വിദ്യാഭ്യാസംകൊണ്ടു നശിപ്പിക്കുവാൻ ഞാനിഷ്ടപ്പെടുന്നില്ല." കേശവൻ അവളോടു വലിയൊരക്രമമാണു ചെയ്തതു്. പക്ഷേ ഇതയാളുടെ കുറ്റമല്ല, ഇതു് ഈ ഭ്രാന്തു പിടിച്ച യൗവനത്തിന്റെ കളിയാണു്.

ഈ ദ്വേഷത്തിന്റെയും ഖേദത്തിന്റെയും ആവേശത്താൽ സുഭദ്രയ്ക്കു തന്റെ ജോലിയെപ്പറ്റി ഓർക്കുവാൻ കഴിഞ്ഞില്ല. അതാരോ ബലാൽക്കാരമായി പിടിച്ചിട്ടടച്ചതുപോലെ അവൾ മുറിക്കകത്തു ലാത്തു

വാൻ തുടങ്ങി. ഇടയ്ക്കു ചുണ്ടു കടിക്കും, ഇടയ്ക്കു പല്ലി ക്കും, ഇടയ്ക്കു രണ്ടു കൈകളും ചുരുട്ടും. ഒരുന്മാദിനി യെപ്പോലെയായി. കണ്ണുകളിൽ ഒരു തീക്ഷ്ണമായ തീനാളം കത്തിച്ചുപൊങ്ങി. കേശവന്റെ ഈ നിഷ്ഠു രമായ പ്രവൃത്തിയെപ്പറ്റി ഓർക്കുംതോറും, അവൾ അയാൾക്കുവേണ്ടി അനുഭവിച്ച കഷ്ടപ്പാടുകളാലോ ചിക്കുംതോറും, അവളുടെ ഹൃദയം പ്രതികാരത്തിനു വെമ്പിക്കൊണ്ടിരുന്നു. എന്തെങ്കിലുമൊന്നുണ്ടായിട്ടാ ണെങ്കിൽ, അന്യോന്യം മനോമാലിന്യത്തിനൊരു തു ച്ഛമായ കാരണമെങ്കിലുമുണ്ടായിട്ടാണെങ്കിൽ, അവ ളിത്ര വിഷമിക്കുകയില്ലായിരുന്നു. ഒരാൾ ചിരിച്ചുകൊ ണ്ടിരിക്കെ പെട്ടെന്നു മുതുകത്തു ചാടിക്കയറിയതുപോ ലെയാണവൾക്കു തോന്നിയതു്. അവൾ തനിക്കു യോ ജിച്ചവളല്ലെങ്കിൽ പിന്നെയെന്തിനാണു് അയാൾ വി വാഹം കഴിച്ചതു്? വിവാഹത്തിനുശേഷവും അവളെ എന്തുകൊണ്ടു ചവിട്ടിപ്പുറംതള്ളിയില്ല? എന്തിനാണു പ്രേമത്തിന്റെ വിത്തുവിതച്ചതു്? എന്നിട്ടിന്നു് ആ വിത്തു മുളച്ചുവളർന്നു തളിരിട്ടു പരിലസിക്കുവാൻ തു ടങ്ങിയപ്പോൾ, അതിന്റെ വേരുകൾ അവളുടെ അ ന്തഃകരണത്തിലെ ഓരോ അണുവിലും കയറിപ്പിടിച്ച പ്പോൾ, അവളുടെ രക്തം മുഴുവനും, അവളുടെ കർമ്മം മുഴുവനും, അതിനെ നനച്ചുവളർത്തുവാൻ പ്രവൃത്തമായ പ്പോൾ, ഇന്നു് അയാൾ അതിനെ പിഴുതെറിയുവാൻ പോകുന്നു. അവളുടെ ഹൃദയം കഷണം കഷണമാ കാതെ ആ ചെടി പറിഞ്ഞുപോകുമോ?

പെട്ടെന്നവർക്ക് ഒരു സംശയം ഓർമ്മവന്നു. ഹിംസാത്മകമായ ഒരു സന്തോഷത്താൽ അവളുടെ ആവേശമാർന്ന മുഖം കൂടുതൽ ഭയങ്കരമായിത്തീർന്നു. കേശവൻ തന്റെ വിവാഹവൃത്തമാനം ഈ യുവതിയിൽനിന്നു മറച്ചുവെച്ചിരിക്കണം. സുഭദ്ര ഈ രഹസ്യം പെട്ടിത്തുറന്നു കേശവന്റെ സകല മനോരാജ്യങ്ങളും തകർത്തുകളയും. അവർക്കു തന്നോടെന്തോ കോപംതോന്നി. ആ യുവതിയുടെ മേൽവിലാസം എന്തുകൊണ്ടു ചോദിച്ചില്ല? അവർക്കൊരു കത്തെഴുതി കേശവന്റെ നീചവൃത്തിയും സ്വാർത്ഥബുദ്ധിയും ഭീരുപ്രകൃതിയും പുറത്താക്കിയിരുന്നെങ്കിൽ, അയാളുടെ പഠിപ്പും പാണ്ഡിത്യവും ബഹുമതിയും തകർക്കാമായിരുന്നു. ശരി, സന്ധ്യനേരത്തു് അവർ തുണി കൊണ്ടുവരും. ആ സമയത്തു സകല സംഗതിയും തുറന്നുപറഞ്ഞു മനസ്സിലാക്കാം.

5

സുഭദ്ര പകൽ മുഴുവൻ ആ യുവതിയെ കാത്തിരുന്നു. ഇടയ്ക്കു വരാന്തയിൽ വന്നു് അങ്ങുമിങ്ങും കണ്ണോടിച്ചു, ഇടയ്ക്കു വഴിയിലേയ്ക്കു കണ്ണുതിരിച്ചു. പക്ഷേ അവളെയെങ്ങും കാണാനില്ല. ആ സമയത്തുതന്നെ സകല വൃത്താന്തവും പറഞ്ഞു കേൾപ്പിക്കാത്തതിനെപ്പറ്റി മനസ്സിൽ കുണ്ഠിതംതോന്നി.

കേശവന്റെ മേൽവിലാസം അവർക്കറിയാമായിരുന്നു. അയാൾ അവർക്കെഴുതയച്ചിരുന്നപ്പോൾ താമസിച്ചിരുന്ന വീടിന്റെയും തെരുവിന്റെയും നമ്പർക്രമം അറിയാമായിരുന്നു. സമയം പോകുന്തോറും, അവളുടെ മനസ്സിൽ ഒരു തിരമാല പൊങ്ങുന്നതുപോലെ തോന്നി. അങ്ങോട്ടുപോയി അയാളുടെ ലഹരിയിറങ്ങുന്നതുവരെ കാത്തിരുന്നാലോ? അയാളോടു ഞാൻ പറയണം: "നിങ്ങൾ ഇത്ര ഭയങ്കരനായ കൊലയാളിയാണല്ലോ, ഇത്രമാത്രം പിടിപ്പില്ലാത്തവനാണല്ലോ, ഇതെനിക്കറിഞ്ഞുകൂടായിരുന്നു. ഈ വിദ്യ പഠിക്കുവാനാണോ നിങ്ങളിവിടെ വന്നതു്? നിങ്ങളുടെ പഠിപ്പിന്റെയും പാണ്ഡിത്യത്തിന്റെയും ഫലമാണോ ഇതു്? തന്റെ സർവ്വസ്വവും നിങ്ങൾക്കുവേണ്ടിയർപ്പിച്ച ഒരബലയെ ഇങ്ങനെ ചതിക്കാൻ കഴിയുന്നുണ്ടല്ലൊ! നിങ്ങളിൽ മനുഷ്യത്വം പേരിനുപോലുമില്ലെന്നോ? അവസാനം നിങ്ങളെന്തു കരുതി? ഞാൻ ജീവിതം മുഴുവൻ നിങ്ങൾക്കുവേണ്ടി കരഞ്ഞുകൊണ്ടിരിക്കട്ടെയെന്നോ?" പക്ഷേ അഭിമാനം അവളുടെ കാലുകളെ തടഞ്ഞു. ഇല്ല, അവളെ ഇങ്ങനെ ചതിച്ചവന്റെയടുത്തു് അവൾ പോവുകയില്ല. അവൾക്കയാളെക്കാണുമ്പോൾ കണ്ണുനീർ തടയാൻ കഴിയുമോ എന്നതിൽ സംശയമുണ്ടായിരുന്നു. എന്തായാലും കേശവന്റെ മുമ്പിൽ അവൾ കരയാനിഷ്ടപ്പെട്ടിരുന്നില്ല. അയാൾ അവളെ വെറുക്കുന്നുവെങ്കിൽ അവൾ അയാളെയും വെറുക്കും. സന്ധ്യയായി. എന്നിട്ടും ആ യുവതി വന്നില്ല. വിളക്കുകൾ തെളിഞ്ഞു. എന്നിട്ടും അവളെക്കാണാനില്ല

പെട്ടെന്ന തന്റെ മുറിക്കു മുമ്പിൽ ആരോ വന്ന ശബ്ദം കേൾക്കുന്നതായിട്ടവർക്കു തോന്നി. അവർ ചാടിയെഴുന്നേറ്റു പുറത്തുവന്നു. യുവതി ഒരു പൊതിയുമായി മുമ്പിൽ നില്ക്കുന്നു. സുഭദ്രയെക്കണ്ടതോടെ അവൾ പറഞ്ഞു, "ക്ഷമിക്കണം. വരാനല്പം താമസിച്ചുപോയി. സംഗതിയിതാണു്. കേശവനു് ഒരൊഴിച്ചുകൂടാത്തതു പ്രമാണിച്ചുജർമ്മനിയിലേയ്ക്കു പോകേണ്ടിയിരിക്കുന്നു. അവിടെ അദ്ദേഹത്തിനു് ഒരുമാസത്തിലധികം താമസമുണ്ടു്. ഞാനും കൂടെപ്പോകണമെന്നാണദ്ദേഹത്തിന്റെ ആഗ്രഹം. ഞാനുണ്ടാകുന്നതു് അദ്ദേഹത്തിനു തീസിസ്സെഴുതാൻ കൂടുതൽ സഹായകമായിരിക്കും. ബർളിനിലെ ഗ്രന്ഥശാലകൾ മുഴുവൻ അരിച്ചെടുക്കേണ്ടിവരും. ഞാനും അതു സമ്മതിച്ചിരിക്കയാണു്. അദ്ദേഹത്തിന്റെ ആഗ്രഹം ജർമ്മനിക്കു പോകുന്നതിനു മുമ്പു ഞങ്ങളുടെ വിവാഹം നടത്തണമെന്നാണു്. നാളെ വൈകുന്നേരമാണു ചടങ്ങു നിശ്ചയിച്ചിരിക്കുന്നതു്. അപ്പോൾ ഈ ഉടുപ്പുകൾ ഞങ്ങൾ ജർമ്മനിയിൽനിന്നു മടങ്ങുമ്പോൾ തന്നാൽ മതി. വിവാഹസമയത്തു ഞങ്ങൾ സാധാരണ വസ്ത്രങ്ങളാണു ധരിക്കാൻ പോകുന്നതു്. അല്ലാതെന്തുചെയ്യും? അതല്ലാതെ മറ്റൊന്നാണുപായം? കേശവനു ജർമ്മനിയിൽ പോകാതെ തരമില്ല"

സുഭദ്ര തുണി മേശപ്പുറത്തു വെച്ചുകൊണ്ടു പറഞ്ഞു, "നിങ്ങൾക്കു ചതി പറ്റിയിരിക്കുന്നു."

"ചതി?" യുവതി പരിഭ്രമിച്ചു ചോദിച്ചു. "എന്തു ചതി? എനിക്കൊന്നും മനസ്സിലായില്ല. എനിക്കു നിങ്ങൾ പറഞ്ഞതിന്റെ ആശയം മനസ്സിലായില്ല."

സുഭദ്ര സങ്കോചത്തിന്റെ മൂടുപടം മാറിക്കൊണ്ടു പറഞ്ഞു, "കേശവൻ നിങ്ങളെ വിവാഹംചെയ്യാനാഗ്രഹിക്കുന്നതു ചതിവെച്ചുകൊണ്ടാണു്."

"കേശവനങ്ങനെയൊരാളല്ല ചതിക്കുവാൻ. നിങ്ങൾക്കു കേശവനെയറിയാമോ?"

"കേശവൻ തന്നെപ്പറ്റിയുള്ള വിവരങ്ങൾ മുഴുവൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടോ?"

"സകലതും."

"ഒന്നും മറച്ചിട്ടില്ലേ?"

"അദ്ദേഹം ഒന്നുംതന്നെ മറച്ചിട്ടില്ലെന്നാണു് എന്റെ വിശ്വാസം."

"അദ്ദേഹത്തിന്റെ വിവാഹം കഴിഞ്ഞതാണെന്നു നിങ്ങൾക്കറിയാമോ?"

യുവതിയുടെ മുഖപ്രസാദം കുറെയൊന്നു മങ്ങി. അവളുടെ തല നാണംകൊണ്ടു കുനിഞ്ഞുപോയി. നിവൃത്തിനിവൃത്തിപ്പറഞ്ഞു, "ഉവ്വു്.....അദ്ദേഹം.... എന്നോടതും.....പറഞ്ഞിട്ടുണ്ടു്."

സുഭദ്ര തോറ്റുപോയി. വെറുപ്പു വെളിപ്പെടുത്തുന്ന കണ്ണുകളാൽ നോക്കിക്കൊണ്ടു പറഞ്ഞു, "ഇതറിഞ്ഞുകൊണ്ടുതന്നെ നിങ്ങൾ കേശവനെ വിവാഹംചെയ്യാനൊരുങ്ങിയിരിക്കയാണോ?"

യുവതി അഭിമാനത്തോടെ നോക്കിപ്പറഞ്ഞു, "നിങ്ങൾ കേശവനെക്കണ്ടിട്ടുണ്ടോ?"

"ഇല്ല. ഞാനൊരിക്കലും കണ്ടിട്ടില്ല."

"പിന്നെയെങ്ങനെയറിയാം?"

"എന്റെയൊരു ചങ്ങാതി എന്നോടീ സംഗതി പറഞ്ഞിട്ടുണ്ടു്. അയാൾക്കു കേശവനെയറിയാം."

"നിങ്ങൾ ഒരിക്കൽ കേശവനെ കണ്ടിട്ടുണ്ടായിരുന്നെങ്കിൽ എന്റെ മുമ്പിൽ ഈ പ്രശ്നമുന്നയിക്കയില്ലായിരുന്നു. ഒന്നല്ല, അദ്ദേഹം ഒരു നൂറു വിവാഹം ചെയ്തിട്ടുണ്ടെങ്കിലും ഞാൻ നിഷേധിക്കുമായിരുന്നില്ല. അദ്ദേഹത്തെ കണ്ടതിൽപ്പിന്നെ എന്റെ കണ്ണ് മറ്റൊരാളുടെ നേർക്കു തിരിയുന്നേയില്ല. അദ്ദേഹത്തെ വിവാഹംചെയ്യുന്നില്ലെങ്കിൽ എനിക്കു പിന്നെ ജീവിതം മുഴുവൻ അവിവാഹിതയായിത്തന്നെ കഴിക്കേണ്ടിവരും. അദ്ദേഹം എന്നോടു സംസാരിക്കുമ്പോൾ എന്റെ ആത്മാവു പൂവുപോലെ വിടരുന്ന ഒരനുഭവമാണ് എനിക്കുണ്ടാകുന്നതു്. എനിക്കതിൽ പ്രകാശവും വികാസവും പ്രത്യക്ഷമായിക്കാണുവാൻ കഴിയുന്നുണ്ട്. ലോകം എത്രമാത്രം ചിരിച്ചാലും കൊള്ളാം; എനിക്കിനി കേശവനെ ഉപേക്ഷിക്കുക സാദ്ധ്യമല്ല അദ്ദേഹം വിവാഹം കഴിച്ചിട്ടുണ്ടെന്നു കായ്യം സത്യമായിരിക്കാം. പക്ഷെ അദ്ദേഹത്തിന്റെ മനസ്സ് ആ സ്ത്രീയോടു് ഒരിക്കലും ഇണങ്ങീട്ടില്ല. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ വിവാഹം ഇതുവരെ നടന്നിട്ടില്ല. അവൾ ഒരു പഠിപ്പില്ലാത്ത സാധാരണ ബാലികയാണു്. നിങ്ങൾതന്നെ ആലോചിക്കൂ, കേശവനെപ്പോലെ വിദ്വാനും മഹാമനസ്കനുമായ ഒരു പുരുഷനു് ഇങ്ങനത്തെയൊരു പെൺകിടാവിനോടുകൂടി എങ്ങനെയാണു സുഖിച്ചിരിക്കാൻ കഴിയുക? നിങ്ങൾ നാളെ എന്റെ വിവാഹത്തിനു വരണം."

സുഭദ്രയുടെ മുഖത്തു തുടുപ്പു കയറിക്കൊണ്ടിരുന്നു. കേശവൻ തന്നെ ഇത്രമാത്രം കരിതേച്ചു കാണിച്ചിരി

ക്കുന്നവെന്നോത്തപ്പോൾ അവളുടെ രക്തം തിള യ്ക്കാൻ തുടങ്ങി. മനസ്സിൽ തോന്നി: ഇതേ ക്ഷണ ത്തിൽ ഇവളെയധിക്ഷേപിച്ചാലോ? പക്ഷേ അവള ടെ മനസ്സിൽ വേറെ ചില ചിന്തകൾ ജനിച്ചുതുട ങ്ങിയിരുന്നു. അവൾ കുറെ ഗംഭീരവും എന്നാൽ ഉദാ സീനവുമായ ഭാവത്തിൽ ചോദിച്ചു, "കേശവൻ ആ സ്ത്രീയെപ്പറ്റി ഒന്നും പറഞ്ഞില്ലേ? അവളിനി എന്തു ചെയ്യും? എങ്ങനെ ജീവിക്കും?"

യുവതി താല്പര്യപൂർവ്വം പറഞ്ഞു, "വീട്ടിൽ ചെ ന്നിട്ടദ്ദേഹം അവളോടു പറയും, 'ഇനി എനിക്കും നി ങ്ങൾക്കും പതി പത്നികളായിരിക്കാൻ സാധ്യമല്ലെ' ന്നു്. അവളുടെ സംരക്ഷണച്ചെലവുകൾക്കു് ഇഷ്ടം പോലെ ഏർപ്പാടുചെയ്തുകൊടുക്കും. ഇതല്ലാതെ എ ന്തുചെയ്യാൻ കഴിയും? ഹിന്ദുനിയമമനുസരിച്ചു ഭാര്യാ ഭർത്താക്കന്മാർക്കു ബന്ധം പിരിയാൻ വയ്യ. എന്നാൽ ആ സ്ത്രീയെ തികച്ചും സ്വതന്ത്രയാക്കി വിടുവാൻവേ ണ്ടി അദ്ദേഹം ക്രിസ്ത്യാനിയോ മുസൽമാനോ ആ കാൻപോലും തയ്യാറാണു്. അദ്ദേഹം ഇപ്പോൾതന്നെ അവൾക്കു് ഈ വിവരത്തിനു കത്തയയ്ക്കുവാൻ തുടങ്ങി യതാണു്. പക്ഷേ ഞാൻതന്നെയാണു തടഞ്ഞതു്. എ നിക്കു് ആ ഭാഗ്യംകെട്ടവളെക്കുറിച്ചു ദയ തോന്നുന്നു. ഈ തുക്രൂടിയെനിക്കു സമ്മതമാണു്. അവൾക്കിഷ്ടമാണെ ങ്കിൽ അവളും ഞങ്ങളുടെക്രൂടെ താമസിച്ചോട്ടെ.ഞാൻ അവളെ എന്റെ സോദരിയായിക്കരുതും. പക്ഷേ കേശവൻ ഇതു സമ്മതിക്കുന്നില്ല."

സുഭദ്ര പരിഹാസപൂർവ്വം പറഞ്ഞു, "ഉണ്ണാനുമുട

ക്കാനും കൊടുക്കാനൊരുക്കമാണു്, അല്ലേ? പെണ്ണങ്ങൾക്കു് ഇതല്ലാതെയെന്താണു വേണ്ടതു്!"

യുവതി ആ പരിഹാസം തെല്ലും ശ്രദ്ധിക്കാതെ പറഞ്ഞു, "അപ്പോൾ ഞാൻ മടങ്ങുമ്പോഴേയ്ക്കു് ഉടുപ്പുകൾ തയാറാക്കിവെയ്ക്കുകയില്ലേ?"

സുഭദ്ര—തയ്യാറാക്കിവെയ്ക്കാം.

യുവതി—നാളെ വൈകുന്നേരം നിങ്ങൾ വരില്ലേ?"

സുഭദ്ര—ഇല്ല. എനിക്കു സമയമില്ലാത്തതിൽ ഖേദമുണ്ടു്.

യുവതി ഒന്നും പറഞ്ഞില്ല. ഇറങ്ങിപ്പോയി.

6

ഈ വിഷയത്തെപ്പറ്റി ശാന്തചിത്തയായി ചിന്തിക്കണമെന്നാഗ്രഹിക്കുംതോറും സുഭദ്രയുടെ ഹൃദയത്തിൽ തീനാളങ്ങൾ കത്തിയാളുന്നതുപോലെ തോന്നി. ഈ കേശവനുവേണ്ടി അവൾ തന്റെ പ്രാണങ്ങൾക്കുപോലും വില കല്പിക്കാതിരുന്നിട്ടുണ്ടു്. അതെ കേശവൻ അവളെ ഇന്നു ചവുട്ടിമാറ്റുന്നു. ഈ ആകസ്മികമായ ആഘാതത്തിന്റെ കാഠിന്യത്താൽ അവളുടെ മനസ്സിന്റെ കോമളത്വം മരവിച്ചുപോയി. അവളുടെ ഓരോ അണുവും പ്രതികാരത്തിനുവേണ്ടി വെമ്പിത്തുടങ്ങി. ഈ പ്രശ്നം ഇതിനു നേരെ വിപരീത

മായിരുന്നുവെങ്കിൽ സുഭദ്രയുടെ കഴുത്തിൽ കത്തി വീഴുമായിരുന്നില്ലേ? കേശവൻ അവളുടെ ചോര കുടിക്കുമായിരുന്നില്ലെ? പുരുഷനായതുകൊണ്ടുമാത്രം സകലതും ക്ഷമിക്കണമെന്നും സ്ത്രീയായാൽ ഒന്നും ക്ഷമിക്കാൻ വയ്യെന്നുമുണ്ടോ? ഇല്ല, ഈ നിശ്ചയം സുഭദ്രയുടെ പ്രതികാരോന്മുഖമായ മനസ്സിനെ സ്വീകരിക്കുവാൻ സാധ്യമല്ല. അവർക്കു സ്ത്രീകളുടെ ഉന്നതാദർശങ്ങളെപ്പറ്റി നോട്ടമില്ല. ആ സ്ത്രീകൾക്ക് ആത്മാഭിമാനമുണ്ടായിരിക്കയില്ല. അവർ പുരുഷന്മാരുടെ ചവിട്ടുമെത്തകളായിരിക്കുന്നതിൽ തന്നെയായിരിക്കും തങ്ങളുടെ സൗഭാഗ്യം കാണുന്നത്. സുഭദ്ര അത്രയ്ക്കാത്മാഭിമാനമില്ലാത്തവളല്ല. താൻ കണ്ണു തുറന്നിരിക്കുമ്പോൾ തന്റെ ഭർത്താവു് തന്റെ ജീവിതത്തിനു ശൂന്യശൂന്യം വരുത്തി സ്വയം സുഖിച്ചുവാഴുക! ഇതു കണ്ടിരിക്കാൻ വയ്യ. ലോകം അവളെ പിശാചെന്നോ കൊലയാളിയെന്നോ പറയുമായിരിക്കും. പറയട്ടെ. അവർക്കു ബാധകമല്ല. അവളുടെ മനസ്സിൽ ഒരു ഭയങ്കരമായ പ്രതികാരാവേശം വീണ്ടും വീണ്ടും കുതിച്ചുപൊങ്ങി. ഇപ്പോൾതന്നെ അയാളുടെ അടുത്തു പോയാലോ? ആ യുവതിയുടെ പ്രേമാനന്ദമനുഭവിക്കുന്നതിനു മുമ്പുതന്നെ അയാളുടെ ജീവൻ കളഞ്ഞാലോ? അവർ കേശവന്റെ നിഷ്ഠുരതയോർത്തു് തന്റെ മനസ്സിനാവേശം കൊടുത്തിരുന്നു. തന്നെത്തന്നെ നിന്ദിച്ചു്, സ്ത്രീസാധാരണമായ സംശയങ്ങളെ നീക്കിയിരുന്നു. അവർ അത്രയ്ക്കു ബലയാണോ? അവർക്കു് അതിനുള്ള ധൈര്യംപോലുമില്ലേ? ഇതേ സമയത്തു് ഏതെങ്കിലുമൊരു ഭൃത്യൻ അവളുടെ മുറിയിൽ കടന്നുവന്നു്

അവളുടെ സത്യമപഹരിക്കാനൊരുങ്ങിയാൽ അവളതിനു പ്രതികാരംചെയ്യുകയില്ലേ? അവസാനം തടിതപ്പുവാൻവേണ്ടി അയാൾ ഇതല്ലേ ചെയ്തത്? അയാളുടെ പ്രേമപ്രകടനം വെറും വഞ്ചനയായിരുന്നു. തന്റെ വികാരങ്ങളടക്കുവാൻവേണ്ടി മാത്രമാണ് അയാൾ അവളോട് പ്രേമനാട്യം നടിച്ചിരുന്നത്. അപ്പോൾ അയാളെ കൊന്നുകളയുകയല്ലേ അവളുടെ കർത്തവ്യം?

ഈ അവസാനത്തെ ചിന്താഗതി സുഭദ്രയ്ക്ക് അവളുടെ ഭയങ്കരമായ സങ്കൽപ്പത്തിനു രൂപംകൊടുക്കുവാനാവശ്യമായ പ്രേരണ നൽകി. സ്ത്രീ പുരുഷന്റെ രക്തത്തിനു ദാഹിക്കുന്ന ഒരവസ്ഥ ഇതുതന്നെയാണ്.

അവൾ ആണിയിൽ തൂക്കിയിട്ടിരുന്ന കൈത്തോക്കെടുത്തു സൂക്ഷിച്ചുനോക്കി, അതൊരിക്കലും കണ്ടിട്ടില്ലാത്ത മാതിരി; നാളെ വൈകുന്നേരം ആയുമന്ദിരത്തിൽ കേശവനും അയാളുടെ കാമിനിയും പരസ്പരാഭിമുഖമായിട്ടിരിക്കയായിരിക്കും. ആ സമയത്തു് അവൾ ഈ തോക്കിലെ ഒരുണ്ടകൊണ്ടു് കേശവന്റെ പ്രേമലീലകളവസാനിപ്പിക്കും. - മറെറാരുണ്ട തന്റെ മാറത്തേയ്ക്കു വെയ്ക്കും. അവൾ കരഞ്ഞു കരഞ്ഞു തന്റെ നിന്ദ്യമായ ജീവിതം നീട്ടിക്കൊണ്ടുപോകണമെന്നോ?

7

സന്ധ്യസമയം. ആയ്മന്ദിരത്തിന്റെ പൂമുഖത്തു് വധൂവരന്മാർ ആപ്തമിത്രങ്ങളോടുകൂടിയിരിക്കയാണു്. വിവാഹത്തിന്റെ ചടങ്ങുകൾ ആരംഭിച്ചിരിക്കുന്നു. ഈ സമയത്തു സുഭദ്ര അവിടെയെത്തി ഒരു തൂണിന്റെ മറവിൽ കേശവനഭിമുഖമായി നിന്നു. ഇന്നേയ്ക്കു മുന്നുകൊല്ലം മുമ്പു് ഇതേമാതിരി കേശവൻ വിവാഹവേദിയിലിരിക്കുന്നതു താൻ മറവിൽനിന്നൊളിഞ്ഞുനോക്കിയ രംഗം അവളുടെ കൺമുമ്പിൽ ചിത്രീകരിക്കപ്പെട്ടു. ആ സമയത്തു് അവളുടെ ഹൃദയം എത്രമാത്രം കിതച്ചിരുന്നു! ഉള്ളിലൊരു കിക്കിളിയനുഭവപ്പെട്ടിരുന്നു. എന്തൊരപാരമായ അനുരാഗമായിരുന്നു, എന്തൊരതിരുവിട്ട അഭിലാഷങ്ങളായിരുന്നു! ജീവിതത്തിന്റെ പൊൻപുലരി പിറന്നാമാതിരി. ജീവിതം മധുരസംഗീതംപോലെ സുഖദമായിരുന്നു, ഭാവി പ്രഭാതസ്വപ്നംപോലെ സുന്ദരമായിരുന്നു ഇതു അതേ കേശവൻതന്നെയാണോ? സുഭദ്രയ്ക്കു തോന്നി, ഇതു കേശവനല്ലെന്നു്. അതെ, ഇതു് ആ കേശവനായിരുന്നില്ല. ഇതു് അതേ പേരും രൂപവുമുള്ള മറ്റൊരു മനുഷ്യനായിരുന്നു. ഇപ്പോൾ അയാളുടെ പുഞ്ചിരിയിൽ, അയാളുടെ കണ്ണുകളിൽ, അയാളുടെ ശബ്ദങ്ങളിൽ, അവളുടെ ഹൃദയത്തെ ആകർഷിക്കുന്നതായൊരു വസ്തുവുമില്ല. അയാളെക്കണ്ടു് അവൾ അതേമാതിരി നിശ്ചലയായി, നിസ്പന്ദയായി നില്ക്കുന്നു, ഒരപ

രിചിതനെ കണ്ടാലെന്ന മാതിരി. ഇതുവരെ കേശവനെപ്പോലെ സൗമ്യനും സുന്ദരനും സുശീലനും തേജസ്വിയുമായ പുരുഷൻ ലോകത്തിലുണ്ടായിരുന്നില്ല. എന്നാലിപ്പോൾ സുഭദ്രയ്ക്കു മനസ്സിലായി, അവിടെയിരിക്കുന്ന പുരുഷന്മാരും അയാളും തമ്മിൽ യാതൊരന്തരവുമില്ലെന്നു്. അവളിൽ കത്തിയാളിയിരുന്ന വിദ്വേഷാഗ്നിയും അവളെ ഇവിടംവരെ വലിച്ചുകൊണ്ടുവന്ന ഹിംസാബുദ്ധിയും പെട്ടെന്നടങ്ങിയതുപോലെ തോന്നി. വൈരാഗ്യം ഹിംസയേക്കാളധികം ഹിംസാത്മകമാണു്. സുഭദ്രയുടെ ഹിംസാബുദ്ധിയിൽ ഒരുതരം മമതയുണ്ടായിരുന്നു. അവളുടെ കേശവൻ, അവളുടെ പ്രാണനാഥൻ, അവളുടെ ജീവസർവ്വസ്വം മറ്റാരുടെയുമാകുവാൻ വയ്യ പക്ഷേ ഇപ്പോൾ ആ മമതയില്ല. അയാൾ അവളുടെയല്ല അയാളിൽ ആക്കാണധികാരമെന്നതിനെപ്പറ്റി അവൾക്കിപ്പോൾ ശ്രദ്ധയില്ല.

വിവാഹച്ചടങ്ങുകളവസാനിച്ചു. സ്നേഹിതന്മാർ സൗഹാർദ്ദാശംസകൾ ചെയ്തു. സ്നേഹിതകൾ മംഗളഗാനങ്ങൾ പാടി. പിന്നെ ആളുകൾ മേശകൾക്കരികിൽചെന്നിരുന്നു. സദ്യ തുടങ്ങി. രാത്രി മണി പതിനൊന്നടിച്ചു. എന്നിട്ടും സുഭദ്ര കൽപ്രതിമയെപ്പോലെ നില്ക്കുകയാണു്. എന്തോ ഒരു വിചിത്രമായ സ്വപ്നം കാണുന്നതു മാതിരി. അതെ, ഇപ്പോൾ അവൾക്കു തന്റെ ഹൃദയത്തിൽ ഒരുതരം ശൂന്യതയാണനുഭവപ്പെടുന്നതു് ഒരു ഗ്രാമം മുടിഞ്ഞുപോയതുമാതിരി, ഒരു സംഗീതമവസാനിച്ചതുമാതിരി, ഒരു വിളക്കു കെട്ടുപോയതുമാതിരി.

അവളുകാം ആയ്മന്ദിരത്തിൽനിന്നിറങ്ങിയപ്പോാം അവളും അവിടെനിന്നിറങ്ങി. പക്ഷെ അവംക്ക വഴിയറിഞ്ഞുകൂടായിരുന്നു. പരിചയമുള്ള തെരുവുകാം അവം മറന്നുപോയതായിത്തോന്നി. ലോകം മുഴുവൻതന്നെ മാറിയിരിക്കുന്നതായിത്തോന്നി. അവം രാത്രി മുഴുവൻ തെരുവുകളിൽ ചുറ്റിക്കറങ്ങി കഴിച്ചുകൂട്ടി. താമസിച്ചിരുന്ന വീട്ട കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. കടകളെല്ലാം അടച്ചിരുന്നു. തെരുവുകളിൽ നിശ്ശബ്ദതയായിരുന്നു. പിന്നെയും അവം തന്റെ വീടന്വേഷിച്ചു പോവുകയാണു്. ഹാ, ഈമാതിരി അവംക്ക ജീവിതമാർഗ്ഗത്തിലും തപ്പിത്തിരിയേണ്ടിവരുമോ?

"മാഡം," പെട്ടെന്നൊരു പോലീസുകാരൻ വിളിച്ചു, "നിങ്ങളെവിടേയ്ക്കപോകുന്നു?"

സുഭദ്ര നട്ടങ്ങിപ്പോയി. "എവിടേയ്ക്കുമില്ല."

"നിങ്ങളെവിടെയാണു താമസിക്കുന്നതു്?"

"ഞാൻ താമസിക്കുന്നതോ?"

"അതെ, നിങ്ങളെവിടെത്താമസിക്കുന്നു? ഞാൻ വളരെ നേരമായി നിങ്ങം അങ്ങുമിങ്ങും ചുറ്റിക്കറങ്ങുന്നതു കാണുന്നു. ഏതു തെരുവിലാണു താമസിക്കുന്നതു്?"

സുഭദ്രയ്ക്ക തെരുവിന്റെ പേരുപോലും ഓർമ്മയില്ലായിരുന്നു.

"നിങ്ങംക്ക തെരുവിന്റെ പേരുപോലും ഓർമ്മയില്ലേ?"

"മറന്നുപോയി. ഓർമ്മവരുന്നില്ല."

പെട്ടെന്ന് അവളുടെ ദൃഷ്ടി മുമ്പിലുണ്ടായിരുന്ന ചൂണ്ടിപ്പുലകയിൽ പതിഞ്ഞു. ഓ, ഇതുതന്നെയാണ് അവൾ താമസിക്കുന്ന തെരുവ്! അവൾ തലപൊക്കി അങ്ങുമിങ്ങും നോക്കി. മുമ്പിൽത്തന്നെയായിരുന്നു അവളുടെ വീട്. ഇതേ തെരുവിൽ, തന്റെ വീടിനു മുമ്പിൽത്തന്നെ എത്ര നേരമായി വട്ടം കറങ്ങിക്കൊണ്ടിരിക്കുന്നു!

8

നേരം പുലരാൻ തുടങ്ങുമ്പോഴേയ്ക്കും യുവതി സുഭദ്രയുടെ മുറിയിലെത്തി. സുഭദ്ര അവളുടെ ഉടപ്പുകാരത്തിയായിരുന്നു. അവളുടെ ശ്രദ്ധ മുഴുവൻ തുന്നുന്നതിലായിരുന്നു. ഒരു യുവതി ഇത്രമാത്രം ശ്രദ്ധയോടുകൂടി സ്വന്തം പ്രസാധനംപോലും ചെയ്യുകയില്ല. അവൾ എന്തു സമ്മാനമാണു വാങ്ങാൻ പോകുന്നതെന്നറിഞ്ഞുകൂടാ. അവൾ, ആ യുവതി വന്നതുപോലുമറിഞ്ഞില്ല.

യുവതി ചോദിച്ചു, "നിങ്ങളിന്നലെ ആയ്മന്ദിരത്തിൽ വന്നില്ലല്ലൊ?"

സുഭദ്ര തലപൊക്കി നോക്കി. ഒരു കവിയുടെ മോഹനസങ്കല്പം രൂപംപൂണ്ടു വന്നിരിക്കുന്നതുപോലെ തോന്നി. അവളുടെ രൂപശോഭ അഭിനന്ദനീയമായിരുന്നു. പ്രേമത്തിന്റെ സമ്പത്ത് രോമരോമാന്തരം പ്രക

ടമായിരുന്നു. സുഭദ്ര ഓടിച്ചെന്നു തോളിൽ കൈയിട്ടു പിടിച്ചു. അവളുടെ കൊച്ചനുജത്തി വന്നമാതിരി. എന്നിട്ടു പറഞ്ഞു—

"ഉവ്വ്, വന്നിട്ടുണ്ടായിരുന്നു"

"ഞാൻ നിങ്ങളെ കണ്ടില്ല."

"ഉവ്വ്, ഞാനൊറയ്ക്കായിരുന്നു."

"കേശവനെ കണ്ടോ?"

"ഉവ്വ്, കണ്ടു."

"എന്താ പതുക്കെപ്പറഞ്ഞതു്? ഞാൻ പൊളി പറഞ്ഞതാണോ?"

സുഭദ്ര സൗഹാർദ്ദഭാവത്തിൽ പുഞ്ചിരിയിട്ടു പറഞ്ഞു, "ഞാൻ നിങ്ങളുടെ കണ്ണുകൊണ്ടല്ല, എന്റെ കണ്ണുകൊണ്ടു കണ്ടു. എനിക്കാകട്ടെ, അയാൾ നിങ്ങൾക്കു യോഗ്യനായിത്തോന്നിയില്ല. നിങ്ങളെ ചതിച്ചു."

യുവതി കിലുകിലെച്ചിരിച്ചു പറഞ്ഞു, "കൊള്ളാം! ഞാൻ വിചാരിക്കുന്നതു ഞാൻ അദ്ദേഹത്തെ ചതിച്ചുവെന്നാണു്"

സുഭദ്ര ഗംഭീരഭാവം പൂണ്ടു, "വസ്ത്രാഭരണങ്ങളണിഞ്ഞു് ഒന്നു കണ്ണാടിയിൽ നോക്കൂ. അപ്പോഴറിയാം."

"അപ്പോൾ ഞാൻ വേറൊരാളാകുമോ?"

"നിങ്ങളുടെ മുറിക്കകത്തുനിന്നു നിലവിരികളും മറ്റുള്ളിലകളും പടങ്ങളും പാത്രങ്ങളും എല്ലാം എടുത്തു മാറ്റി നോക്കൂ. മുറിയുടെ ഭംഗി അതേമാതിരിതന്നെയായിരിക്കുമോ?"

യുവതി തലയാട്ടി, "ശരിയാണതു്. എന്നാൽ ആഭരണങ്ങൾ എവിടുന്നു കൊണ്ടുവരും? എത്രദിവസം കഴിഞ്ഞാണു പണിയിക്കാനവസരം കിട്ടുകയെന്നറിഞ്ഞുകൂടാ."

"ഞാൻ എന്റെ ആഭരണങ്ങൾ നിങ്ങളെ അണിയിക്കാം."

"നിങ്ങളുടെ പക്കൽ ആഭരണങ്ങളുണ്ടോ?"

"വളരെ. നോക്കൂ, ഞാനിതാ കൊണ്ടുവന്നു നിങ്ങളെ അണിയിച്ചുതരാം."

യുവതി വായകൊണ്ടു വളരെപ്പറഞ്ഞു വേണ്ട വേണ്ടയെന്നു്. പക്ഷെ മനസ്സിൽ സന്തോഷമായിരുന്നു. സുഭദ്ര തന്റെ ആഭരണങ്ങൾ മുഴുവൻ അവളെ അണിയിച്ചു ഒരു മിന്നിപോലും തന്റെയടുത്തു ബാക്കിവെച്ചില്ല. യുവതിക്കു് ഇതൊരു നൂതനാനുഭവമായിരുന്നു. അവൾക്കു് ഈ രൂപത്തിൽ പുറത്തിറങ്ങുവാൻ നാണമായി പക്ഷെ അവളുടെ രൂപം കൂട്ടൽ പ്രകാശിച്ചു, സംശയമില്ല. അവൾ കണ്ണാടിയിൽ തന്റെ രൂപം നോക്കി. അവളുടെ കണ്ണുകൾ വെട്ടിത്തിളങ്ങി, ഒരു വിയോഗിനിക്കു തന്റെ പ്രിയതമന്റെ സന്ദേശം കിട്ടിയതുമാതിരി. മനസ്സിൽ കോരിത്തരിപ്പു തോന്നി. അവൾ ഇത്ര സുന്ദരിയാണു്! അവൾക്കിതു ചിന്തിക്കാൻപോലും കഴിഞ്ഞിരുന്നില്ല.

കേശവൻ ഈ വേഷത്തിൽ അവളെയൊന്നു കണ്ടിരുന്നെങ്കിൽ! ഈയൊരാശ അവളുടെ മനസ്സിലുണ്ടായി പക്ഷെ പറയുന്നതെങ്ങനെ? കുറച്ചുനേരത്തിനുശേഷം നാണത്താൽ തലകുനിച്ചു പറഞ്ഞു, "കേശ

വൻ എന്നെ ഈ വേഷത്തിൽ കണ്ടാൽ വല്ലാതെ ചിരിച്ചുപോകും."

സുഭദ്ര—ചിരിക്കുകയല്ല, കെട്ടിപ്പിടിക്കും. കണ്ണു തുറന്നുപോകും. നിങ്ങളിന്നു് ഇതേ വേഷത്തിൽത്തന്നെ അദ്ദേഹത്തിന്റെയടുത്തു പോകണം.

യുവതി വിസ്മയിച്ചുപോയി, "സത്യമോ? നിങ്ങൾ അതിനു സമ്മതിക്കുന്നോ?"

സുഭദ്ര പറഞ്ഞു, "വളരെ സന്തോഷത്തോടെ."

"നിങ്ങൾക്കു സംശയമില്ലേ?"

"തീരെയില്ല."

"ഞാൻ രണ്ടു നാലു ദിവസം ധരിച്ചുകൊണ്ടിരുന്നാലോ?"

"നിങ്ങൾ രണ്ടു നാലു മാസം ധരിച്ചുകൊണ്ടിരുന്നോളൂ. ഇതൊക്കെയിവിടെ വെറുതെ കിടക്കുകയാണു്."

"നിങ്ങളുമെന്റെകൂടെ വരണം."

"ഇല്ല. എനിക്കു സമയമില്ല."

"ശരി, എന്നാൽ എന്റെ വീടിന്റെ വിലാസം കുറിച്ചുതരാം."

"ശരി, കുറിച്ചുതന്നോയ്ക്കൂ. പക്ഷേ വല്ലപ്പോഴും വരാം."

ക്ഷണനേരത്തിനകം യുവതി അവിടെനിന്നു പോയി. സുഭദ്ര ജനാലയ്ക്കൽ ചെന്നു പ്രസന്നമുഖിയായി അവളെയങ്ങനെ നോക്കിനിന്നു, തന്റെ കൊച്ചനുജത്തിയെയെന്നമാതിരി. ഈർഷ്യാദ്വേഷങ്ങളുടെ ലേശംപോലും മനസ്സിലുണ്ടായിരുന്നില്ല

ഏതാണ്ടൊരു മണിക്കൂർ കഴിഞ്ഞുകാണും, യുവതി മടങ്ങിവന്നു പറഞ്ഞു, "സുഭദ്രേ, ക്ഷമിക്കണം. ഞാൻ നിങ്ങളുടെ സമയം വളരെയധികം നശിപ്പിക്കയാണു്. കേശവൻ പുറത്തു നില്ക്കുന്നുണ്ടു്. വിളിക്കട്ടെ?"

ഒരു നിമിഷനേരത്തേയ്ക്കു, വെറുമൊരു നിമിഷനേരത്തേയ്ക്കു്, സുഭദ്രയൊന്നു പരിഭ്രമിച്ചുപോയി. അവൾ പെട്ടെന്നെഴുന്നേറ്റു മേശപ്പുറത്തു കിടന്നിരുന്ന സാധനങ്ങൾ അങ്ങുമിങ്ങും മാറ്റിവെച്ചു. തുണികൾ മടക്കി അടുക്കിവെച്ചു തന്റെ ഉലഞ്ഞ മുടികളൊതുക്കിവെച്ചു. പിന്നെ അലസഭാവത്തിൽ പുഞ്ചിരിയിട്ടുകൊണ്ടു പറഞ്ഞു, "നിങ്ങൾ അദ്ദേഹത്തെ എന്തിനു കഷ്ടപ്പെട്ടുത്തി? പോയി വിളിച്ചുകൊണ്ടുവരൂ."

ഒരു മിനിട്ടിനുള്ളിൽ കേശവൻ അകത്തു കാലെടുത്തുവെച്ചു. പൊടുന്നനെ ഞെട്ടി മാറി, കാലു പൊള്ളിപ്പോയതുമാതിരി. വായിൽനിന്നു പെട്ടെന്നൊരു സീൽക്കാരം പുറപ്പെട്ടു. സുഭദ്ര ശാന്തയും ഗംഭീരയും സുനിശ്ചലയുമായി സ്വസ്ഥാനത്തുതന്നെ നിന്നു. അവൾ കൈനീട്ടിപ്പറഞ്ഞു, തികച്ചും ഒരപരിചിതനായ മനുഷ്യനോടെന്ന മട്ടിൽ, "വരൂ മിസ്റ്റർ കേശവൻ. ഇതു സുന്ദരിയും സുശീലയും വിദുഷിയുമായ ഒരു രമണിയെക്കിട്ടിയതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു."

കേശവന്റെ മുഖം മഞ്ഞളിച്ചുപോയി. അയാൾ വഴിതെറ്റിയവനെപ്പോലെ പകച്ചുനിന്നു. ലജ്ജയും ഗ്ലാനിയുംമൂലം അയാളുടെ മുഖത്തു നിറം പകർന്നിരുന്നു.

ഈ സംഗതി ഒരു ദിവസം സംഭവിക്കാനുള്ളതാണു തീർച്ച. പക്ഷേ ഇത്രമാതിരി പെട്ടെന്നു സുഭദ്രയെ കണ്ടെത്തുമെന്ന് അയാൾ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. സുഭദ്രയോട് ഈ സംഗതിയെങ്ങനെയാണു പറയേണ്ടതെന്ന് അയാൾ ആലോചിച്ചുവെച്ചിരുന്നു. അവളുടെ ആക്ഷേപങ്ങൾക്കു മറുപടി ചിന്തിച്ചുവെച്ചിരുന്നു. അതിനുള്ള വാക്കുകൾപോലും മനസ്സിൽ കുറിച്ചുവെച്ചിരുന്നു. ഈ ഒരുക്കങ്ങളെല്ലാം വെറുതെ ബാക്കിയായി. സുഭദ്ര അതാ മുമ്പിൽ നില്ക്കുന്നു! അവൾ കേശവനെക്കണ്ടു തെല്ലുപോലും ഞെട്ടിയില്ല.. അവളുടെ മുഖത്ത് അത്ഭുതത്തിന്റെയോ പരിഭ്രമത്തിന്റെയോ ഖേദത്തിന്റെയോ ഒരടയാളംപോലും കണ്ടില്ല. അവൾ വെറുമൊരു അപരിചിതയെന്നപോലെ അയാളോടു സംസാരിച്ചു. അവൾ ഇവിടെ എപ്പോൾ വന്നു, എങ്ങനെ വന്നു, എന്തിനു വന്നു, എപ്രകാരം കഴിയുന്നു, ഇങ്ങനെ പല വിധത്തിലുള്ള അസംഖ്യം ചോദ്യങ്ങൾ ചോദിക്കുവാൻ കേശവന്റെ ചിത്തം വെമ്പിക്കരുതിച്ചുകൊണ്ടിരുന്നു. അയാൾ വിചാരിച്ചിരുന്നു: സുഭദ്രതന്നെ ശകാരിക്കും, വിഷം കുടിക്കുമെന്നു ഭയപ്പെടുത്തും, നിഷ്ഠുരൻ, നിർദ്ദയൻ—അങ്ങനെയെന്തെല്ലാം പേരുകൾ പറയുമെന്നറിഞ്ഞുകൂടാ. ഈ ആപത്തുകളെല്ലാം അയാൾ കരുതിയിരുന്നതായിരുന്നു. എന്നാൽ ഈ ആകസ്മികമായ സമ്മേളനം—ഈ ഗർവ്വുനിറഞ്ഞ തിരസ്കാരം—ഇതു കരുതിയിരുന്നതല്ല. ആ പ്രേമവ്രതക്കാരിയായ സുഭദ്ര ഇത്രമാത്രം കഠിനയും ഹൃദയശൂന്യയുമായിപ്പോയിരിക്കുന്നു! തീർച്ചയായും ഇവൾ സംഗതി മുഴുവൻ

മുമ്പേയറിഞ്ഞിട്ടുണ്ടായിരുന്നു. ഇതായിരുന്നു ഏറ്റവുമധികം ശക്തിയേറിയ കുത്ത്. ഇവൾ തന്റെ ആഭരണങ്ങളെല്ലാം ഇത്രമാത്രം സൗജന്യബുദ്ധിയോടെ നൽകിയിരിക്കുന്നു! ആക്കിയാം, മടക്കിവാങ്ങുമെന്നു തോന്നുന്നില്ല. അയാൾ പരാജയപ്പെട്ടു ബുദ്ധി മന്ദിച്ചു കസേരയിലിരുന്നുപോയി. മറുപടിയായി ഒരു വാക്കു പോലും വായിൽനിന്നു വന്നില്ല.

യുവതി കൃതജ്ഞത പ്രകടിപ്പിക്കുന്ന ഭാവത്തിൽ പറഞ്ഞു, "ഇവരുടെ ഭർത്താവു ജർമ്മനിയിലാണു്."

കേശവൻ കണ്ണുതുറന്നുനോക്കി. പക്ഷേ ഒരക്ഷരം മിണ്ടാൻ കഴിഞ്ഞില്ല.

യുവതി വീണ്ടും പറഞ്ഞു, "ഇവർ സംഗീതം പഠിപ്പിച്ചും തുണികൂടി തുന്നിക്കൊടുത്തും നിത്യവൃത്തി കഴിച്ചുകൂട്ടുകയാണു്. ആ മാന്യ സുഹൃത്തു് ഇവിടെ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ സൗഭാഗ്യത്തെ ഞാൻ പ്രശംസിക്കുമായിരുന്നു."

കേശവന്നു് ഇപ്പോഴുമൊന്നും പറയാൻ കഴിഞ്ഞില്ല. എന്നാൽ സുഭദ്ര പുഞ്ചിരി തുകിപ്പറഞ്ഞു, "അദ്ദേഹം എന്നോടു പിണങ്ങിയിരിക്കയാണു്. പ്രശംസ കേട്ടാൽ ക്രുദ്ധനായേക്കും."

യുവതിക്കാശ്ചര്യമായി. "നിങ്ങൾ അദ്ദേഹത്തോടുള്ള പ്രേമംകൊണ്ടാണിവിടെ വന്നതു്, വീടും നാടുമുപേക്ഷിച്ചതു്; ഇവിടെ കൂലിവേലചെയ്തു ജീവിച്ചുകൊണ്ടിരിക്കുന്നതു്. എന്നിട്ടും അദ്ദേഹം നിങ്ങളോടു പിണങ്ങിയെന്നോ? ആശ്ചര്യംതന്നെ."

സുഭദ്ര അതേമാതിരി പ്രസന്നമുഖിയായിപ്പറഞ്ഞു, "പുരുഷസ്വഭാവംതന്നെ ആശ്ചര്യത്തിനിരിപ്പി

ടമാണു്, മിസ്റ്റർ കേശവൻ ഇതു സമ്മതിക്കുന്നില്ലെങ്കിൽ തന്നെയും."

യുവതി കേശവന്റെ നേരേ പ്രേരണാർത്ഥകമായി നോക്കി. പക്ഷേ അയാൾ അതേമാതിരി ബുദ്ധിമന്ദിച്ചിരുന്നതേയുള്ളൂ. അയാളുടെ ഹൃദയത്തിൽ ഇതൊരു പുതിയ കുത്തായിരുന്നു. അയാൾ മിണ്ടാതിരിക്കുന്നതു കണ്ടു യുവതി അയാളുടെ ഭാഗം പറഞ്ഞു, "കേശവൻ സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശം കൊടുക്കാനാണു് ആഗ്രഹിക്കുന്നതു്."

കേശവൻ മുങ്ങിത്താഴുകയായിരുന്നു. പുൽക്കൊടിയിൽ പിടി കിട്ടിയപ്പോൾ അയാൾക്കല്പം ധൈര്യം ലഭിച്ചു. അയാൾ പറഞ്ഞു, "വിവാഹം ഒരുതരം കരാറുമാത്രമാണു്. രണ്ടുപക്ഷത്തിനുമവകാശമുണ്ടു്, അതെപ്പോൾ വേണമെങ്കിലും ലംഘിക്കാം."

യുവതി പിൻതാങ്ങി, "പരിഷ്കൃതസമുദായത്തിൽ ഈ പ്രക്ഷോഭണം വളരെ ശക്തിമത്തായിട്ടുണ്ടു്."

സുഭദ്ര സംശയമുന്നയിച്ചു, "ഒരു കരാറു ലംഘിക്കണമെങ്കിൽ കാരണംകൂടി വേണ്ടേ?"

കേശവൻ സങ്കല്പത്തിന്റെ ലാത്തി ചുഴറ്റിപ്പറഞ്ഞു, "നമുക്കു് ഈ ബന്ധനത്തിൽനിന്നു മോചനം കിട്ടിയാൽ ക്രൂരതൽ സുഖം ലഭിക്കുമെന്നനുഭവപ്പെടുകയാണെങ്കിൽ അതുതന്നെ മതിയായ കാരണമാണു്. സ്ത്രീക്കു തോന്നുന്നുവെന്നിരിക്കട്ടെ, മറെറാരു പുരുഷന്റെകൂടെ....."

സുഭദ്ര ഇടയിൽ കയറിപ്പറഞ്ഞു, "ക്ഷമിക്കണം മിസ്റ്റർ കേശവൻ. ഈ വിഷയത്തെപ്പറ്റി നിങ്ങളോട് തർക്കിക്കുവാൻ തക്ക ബുദ്ധി എനിക്കില്ല. എന്നാൽ ആദർശപരമായ ഒരു കരാറ് ജീവാവസാനംവരെ നിലനില്ക്കണം. ഞാൻ ഭാരതത്തിലെ കാര്യം പറയുന്നില്ല. അവിടെ സ്ത്രീ പുരുഷന്റെ ദാസിയാണ്. ഇംഗ്ലണ്ടിലെ കാര്യമാണ പറയുന്നത്. ഇവിടെയും വളരെയധികം സ്ത്രീകളോട് ഞാൻ സംസാരിച്ചിട്ടുണ്ട്. അവർ വിവാഹമോചനത്തിന്റെ കണക്കുകണ്ട് സന്തോഷിക്കുന്നില്ല. വിവാഹത്തിന്റെ ഏറ്റവും സമുന്നതമായ ആദർശം അതിന്റെ പാവനതയിലും സ്ഥിരതയിലുമാണ്. പുരുഷന്മാർ എപ്പോഴും ഈ ആദർശത്തെ ലംഘിച്ചിട്ടുണ്ട്, സ്ത്രീകളം പരിപാലിക്കുകയാണ ചെയ്തിട്ടുള്ളത്. ഇനി പുരുഷന്മാരുടെയക്രമം സ്ത്രീക്കളെ ഏതുവഴിക്കു തിരിച്ചുവിട്ടുവെന്നു പറയാറായിട്ടില്ല"

ഈ ഗംഭീരവും സംയതവുമായ സംസാരം തർക്കമവസാനിപ്പിച്ചു. സുഭദ്ര ചായകൊണ്ടുവരീച്ചു. മൂന്നു പേരും കുടിച്ചു. കേശവനു ചോദിക്കണമെന്നുണ്ടായിരുന്നു, ഇവിടെ എത്രദിവസം താമസമുണ്ടെന്ന്. പക്ഷെ ചോദിക്കാൻ കഴിഞ്ഞില്ല. അയാൾ അവിടെ പതിനഞ്ചുമിനിട്ടുകൂടിയിരുന്നു, ചിന്താനിമഗ്നനായിട്ട്. പോകുന്നസമയത്തു് അയാൾക്കടക്കംനിന്നില്ല. ചോദിക്കുകതന്നെചെയ്തു, "നിങ്ങൾക്കിവിടെയെത്രദിവസമുണ്ടാകും?"

സുഭദ്ര കീഴോട്ടു നോക്കിക്കൊണ്ടു പറഞ്ഞു, "പറയാൻ പറ്റില്ല"

"എന്തെങ്കിലുമാവശ്യമുണ്ടെങ്കിൽ എന്നെ അറിയിക്കണം."

"ഈ സാന്ത്വനത്തിന് നിങ്ങൾക്കു നന്ദി."

കേശവൻ പകൽ മുഴുവൻ അസ്വസ്ഥനായിക്കഴിച്ചുകൂട്ടി. സുഭദ്രയുടെ രൂപം അയാളുടെ കൺമുമ്പിൽ കളിയാടിക്കൊണ്ടിരുന്നു. സുഭദ്രയുടെ വാക്കുകൾ അയാളുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഇപ്പോൾ അയാൾക്കു സംശയമില്ല, അയാളോടുള്ള പ്രേമംകൊണ്ടാണു സുഭദ്ര ഇവിടെ വന്നിരിക്കുന്നതു്. സകല പരിതസ്ഥിതിയും അയാൾക്കു മനസ്സിലായിക്കഴിഞ്ഞിരുന്നു. ആ ഭയങ്കരമായ ത്യാഗത്തെ ഓർത്തപ്പോൾ അയാൾക്കു രോമാഞ്ചമുണ്ടായി. ഇവിടെ സുഭദ്ര എന്തെല്ലാം കഷ്ടതകളനുഭവിച്ചിരിക്കും! എന്തെല്ലാം യാതനകൾ സഹിച്ചിരിക്കും! എല്ലാറ്റിനും അയാൾതന്നെ കാരണം. അവൾ അയാൾക്കൊരു ഭാരമാകുവാനാഗ്രഹിച്ചില്ല. അതുകൊണ്ടതന്നെയാണു് അവൾ വരുന്ന വിവരംപോലും അയാളെ അറിയിക്കാതിരുന്നതു്. സുഭദ്ര അവിടെ വന്നിരിക്കുന്ന വിവരം മുമ്പുതന്നെ അറിഞ്ഞിരുന്നെങ്കിൽ അയാൾക്കു് ആ യുവതിയുടെനേരെ ഇത്രയാകർഷണമുണ്ടാകുമായിരുന്നില്ല. പാറാവുകാരന്റെ മൂക്കിനുനേരേവെച്ചു കള്ളനു വീട്ടിൽ കടക്കുവാൻ ധൈര്യം വരുമായിരുന്നില്ല.

സുഭദ്രയെക്കണ്ടപ്പോൾ അയാളുടെ കർത്തവ്യബോധമുണർന്ന വശായി. അവളുടെ കാല്ക്കൽ വീണു മാപ്പപേക്ഷിക്കുവാൻ അയാളുടെ ഹൃദയം വെമ്പി. അയാൾ അവളുടെ മുഖത്തുനിന്നു സകല വർത്തമാനങ്ങളും

കേൾക്കും. ഈ മൗനമായ തിരസ്കാരം അയാൾക്കസഹ്യമായിരുന്നു. പകൽ മുഴുവൻ എങ്ങനെയോ കഴിച്ചുകൂട്ടി. പക്ഷെ രാത്രി പത്തുമണിയടിച്ചപ്പോൾ അയാൾ സുഭദ്രയെ കാണുവാൻ പുറപ്പെട്ടു. യുവതി ചോദിച്ചു, "എവിടെപ്പോകുന്നു?"

കേശവൻ ബൂട്ടിന്റെ ലേസു കെട്ടിക്കൊണ്ടു പറഞ്ഞു, "ഒരു പ്രൊഫസറെ ഒന്നു കാണാനുണ്ട്. ഈ നേരത്തു ചെല്ലാമെന്നാണു പറഞ്ഞിരിക്കുന്നതു്."

"വേഗം വരണം."

"വളരെ വേഗം വരാം."

കേശവൻ വീട്ടിൽനിന്നിറങ്ങിയപ്പോൾ അയാളുടെ മനസ്സിൽ എത്രയോ വിചാരവീചികൾ പൊങ്ങുവാൻ തുടങ്ങി. എങ്ങാനും സുഭദ്ര കാണാൻ സമ്മതിച്ചില്ലെങ്കിലോ? ഇല്ല, അങ്ങനെ വരാൻ വയ്യ. അവളത്രയ്ക്കു ഹൃദയമില്ലാത്തവളല്ല. അതെ, ഇങ്ങനെ വന്നേക്കാം: അവൾ തന്നെപ്പറ്റിയൊന്നും പറയുകയില്ല അവളെ സമാധാനിപ്പിക്കുവാൻ ഒരു കഥ കെട്ടിച്ചമച്ചു; അയാൾ രക്ഷപ്പെടാനാശയില്ലാത്തവിധം ഒരു സുഖക്കേടിൽപെട്ടുപോയി. ഊർമ്മിള അത്രമാത്രം മനസ്സിരുത്തി അയാളെ ശുശ്രൂഷിച്ചപ്പോൾ അവളിൽ പ്രേമം തോന്നിപ്പോയി. ഈ കഥ സുഭദ്രയിലുണ്ടാക്കുന്ന വികാരത്തെപ്പറ്റി കേശവനു സംശയമുണ്ടായിരുന്നില്ല. പരിതസ്ഥിതിയെപ്പറ്റി അറിയുമ്പോൾ അവൾ അയാൾക്കു മാപ്പുകൊടുക്കും. പക്ഷേ ഇതിന്റെ ഫലമെന്തായിരിക്കും? അയാൾക്കു രണ്ടുപേരെയും ഒരേമാതിരി സ്നേഹിക്കുവാൻ കഴിയുമോ? സുഭദ്രയെ

ക്കണ്ടാൽ, ഊർമ്മിളയ്ക്ക് പക്ഷേ അവളൊന്നിച്ചു താമസിക്കുവാൻ പ്രയാസമുണ്ടാവില്ല. പ്രയാസമുണ്ടാവാനെന്താണു കാരണം? ഈ കാര്യം അവളിൽനിന്നു മറച്ചുവെച്ചിട്ടില്ലല്ലൊ. അതെ, ഇതാണറിയേണ്ടതു്, സുഭദ്രയിതു സമ്മതിക്കുമോ നിഷേധിക്കുമോയെന്നു്. അവൾ കാണിച്ച തിരസ്കാരം കാണുമ്പോൾ അവൾ സമ്മതിക്കുന്ന കാര്യത്തിൽ സംശയംതന്നെയാണു തോന്നുന്നതു്. എന്നാൽ അയാൾ അവളെയനുനയിക്കും. അവളോടപേക്ഷിക്കും, അവളുടെ കാല്ക്കൽ വീഴും. അവസാനം അയാൾ അവളെക്കൊണ്ടു സമ്മതിപ്പിച്ചേയിരിക്കും. സുഭദ്രയുടെ പ്രേമാനുരാഗങ്ങൾക്കു പുതിയ തെളിവു കിട്ടിയപ്പോൾ അയാൾ ഒരു ഗാഢനിദ്രയിൽനിന്നുണർന്നതുപോലെയായി. അയാൾക്കിപ്പോളനുഭവപ്പെട്ടു, സുഭദ്രയ്ക്കുവേണ്ടി തന്റെ ഹൃദയത്തിലുണ്ടായിരുന്ന സ്ഥാനം ശൂന്യമായിക്കിടക്കുകയാണെന്നു്. ഊർമ്മിളയ്ക്ക് ആ സ്ഥാനത്തു തന്റെ ആധിപത്യം സ്ഥാപിക്കുവാൻ സാധിക്കുമായിരുന്നില്ല. ഇപ്പോൾ അയാൾക്കു മനസ്സിലായി, ഊർമ്മിളയെക്കുറിച്ചുണ്ടായ പ്രേമം സ്വാഭാവികമായ പദാർത്ഥങ്ങൾ കാണുമ്പോളുണ്ടാകുന്ന തൃഷ്ണമാത്രമായിരുന്നുവെന്നു്. അതു വാസ്തവത്തിലുള്ള വിശ്വാസമായിരുന്നില്ല. വിശ്വാസവതിയായ ഊർമ്മിളയ്ക്ക് ഒരിക്കലെങ്കിലും ഇത്രമാത്രം ത്യാഗംചെയ്യുവാൻ സാധിക്കുന്ന കാര്യത്തിൽ അയാൾക്കു സംശയമുണ്ടായിരുന്നു.

സുഭദ്രയുടെ വീട്ടിനടുത്തെത്തിയപ്പോൾ കേശവന്റെ മനസ്സു കാതരമാകുവാൻ തുടങ്ങി. എന്നാൽ അ

യാഠം മനസ്സിൽ ബലംപിടിച്ചു കോണിപ്പടിയിൽ കാലുവെച്ചു. ക്ഷണനേരത്തിനകം സുഭദ്രയുടെ വാതില്ക്കലെത്തി. പക്ഷെ മുറിയുടെ വാതിലടച്ചിരുന്നു. അകത്തും വെളിച്ചമുണ്ടായിരുന്നില്ല. നിശ്ചയമായും അവളെവിടെയോ പോയിരിക്കയാണു്. വരുന്നുണ്ടായിരിക്കും. അതുവരെ അയാഠം വരാന്തയിൽ ലാത്തുവാൻ നിശ്ചയിച്ചു.

പെട്ടെന്നു വീട്ടുടമസ്ഥ വരുന്നതു കണ്ടു. കേശവൻ മുന്നോട്ടുചെന്നു ചോദിച്ചു, "നിങ്ങഠംക്കറിയാമോ, ഈ മഹിള എവിടെപ്പോയിരിക്കുന്നുവെന്നു്?"

ഗൃഹനാഥ അയാളെ അടിമുടി നോക്കിപ്പറഞ്ഞു, "അവർ ഇന്നിവിടെനിന്നു പോയല്ലൊ."

കേശവൻ തൊണ്ടയിടറിച്ചോദിച്ചു, "പോയി! എങ്ങോട്ടുപോയി?"

"അതെന്നോടു പറഞ്ഞില്ല."

"എപ്പോഠം പോയി?"

"അവർ ഉച്ചയ്ക്കുതന്നെ പോയി."

"സാമാനങ്ങളെല്ലാം കൊണ്ടുപോയോ?"

"സാമാനങ്ങളെന്തിനു കൊണ്ടുപോകാതിരിക്കുന്നു? അതെ, ഒരു ചെറിയ പാക്കറു് ഒരു ക്ലട്ടുകാരിക്കുവേണ്ടി വെച്ചിട്ടുണ്ടു്. മിസ്സസ് കേശവനെന്നാണു് അതിൽ മേൽവിലാസമെഴുതിയിരിക്കുന്നതു്. എന്നോടു പറഞ്ഞിട്ടുണ്ടു്, അവർ വന്നാൽ കൊടുക്കാൻ അല്ലെങ്കിൽ തപാലിലയയ്ക്കാൻ."

കേശവനു തന്റെ പ്രജ്ഞയറുപോകുന്നതായി തോന്നി, സൂര്യനസ്തമിക്കുന്നതുമാതിരി. ഒരു നെടുവീർ

ച്ചു വിട്ടുകൊണ്ടു പറഞ്ഞു, "ആ പാക്കറ്റ് എന്നെ ഒന്നു കാണിച്ചുതരാമോ? കേശവൻ ഞാൻതന്നെയാണു്."

ഗ്രഹനാഥ പുഞ്ചിരിയിട്ടുകൊണ്ടു ചോദിച്ചു, "മിസ്സസ് കേശവനു വിശേഷിച്ചൊന്നുമില്ലല്ലൊ?"

"അപ്പോഠം ഞാൻ അവരെ വിളിച്ചുകൊണ്ടുവരണോ?"

"അതെ, അതാണു യുക്തം."

"വളരെ ദൂരത്തുപോകണം"

കേശവൻ കുറച്ചു നിന്നിട്ടു പോകാൻ തുടങ്ങിയപ്പോഠം ഗ്രഹനാഥ വീണ്ടും പറഞ്ഞു, "എനിക്കു മനസ്സിലായി. നിങ്ങഠം ഇതു കൊണ്ടുപൊയ്ക്കോളൂ. വെറുതെ നിങ്ങളെയെന്തിനോടിക്കുന്നു? എന്നാൽ നാളെ എനിക്കൊരു രസീതയച്ചുതന്നേയ്ക്കണം. ഒരുപക്ഷേ അതിന്റെ ആവശ്യം വന്നാലോ?"

ഇതു പറഞ്ഞു് അവർ ഒരു ചെറിയ പാക്കറ്റു കൊണ്ടുവന്നു കേശവനു കൊടുത്തു. കേശവൻ പാക്കറ്റെടുത്തു കള്ളൻ മണ്ടുന്നതുപോലെ മണ്ടി. ഈ പാക്കറ്റിലെന്താണെന്നു നോക്കുവാൻ അയാളുടെ ഹൃദയം വെമ്പിയിരുന്നു. തന്റെ വീട്ടിലെത്തുന്നതുവരെ അതു തുറക്കാതെ കൊണ്ടുപോകുന്നതു് അയാഠക്കസഹ്യമായിരുന്നു. അടുത്തുതന്നെയായിരുന്നു പാർക്കു്. അവിടെച്ചെന്നു് അയാഠം വൈദ്യുതപ്രകാശത്തിൽ പാക്കറ്റു തുറന്നു നോക്കി. ആ സമയത്തു് അയാളുടെ കൈവിറച്ചിരുന്നു, ഹൃദയം തുടിച്ചിരുന്നു, ഒരു ബന്ധുവിന്റെ രോഗവിവരത്തിനു കമ്പി കിട്ടിയാലെന്നപോലെ.

പാക്കറ്റ് തുറക്കേണ്ട താമസം, കേശവന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ ധാരയായിട്ടൊഴുകി. അതിൽ ഒരു മഞ്ഞനിറത്തിലുള്ള സാരിയുണ്ടായിരുന്നു. ഒരു കൊച്ചു കുങ്കുമച്ചെപ്പും കേശവന്റെയൊരു പടവും. ഒന്നിച്ചൊരു ലക്കോട്ടുമുണ്ടായിരുന്നു. കേശവൻ അതു തുറന്നു വായിച്ചു അതിലെഴുതിയിരുന്നു—

"സോദരീ, ഞാൻ പോകുന്നു. ഇതു് എന്റെ മംഗല്യത്തിന്റെ ശവമാണു്. ഇതിനെ തേംസ്നദിയിലെറിഞ്ഞേക്കണം. നിങ്ങളുടെതന്നെ കൈകളാൽ ഈ സംസ്കാരകർമ്മവും നടക്കുകയാണെങ്കിൽ തരക്കേടില്ല.

നിങ്ങളുടെ സുഭദ്ര."

കേശവൻ മർമ്മത്തിലിടിയേറ്റതുപോലെ കത്തു കൈയിൽ പിടിച്ചുകൊണ്ടു് അവിടെത്തന്നെ പുല്ലിൽ കിടന്നു് എന്തിനെന്തിനെന്നു കരയാൻ തുടങ്ങി.

★

50
50
100